# പതിമൂന്നാം കേരള നിയമസഭ
# (THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി IV
## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

**ആനുകാലിക റിപ്പോർട്ട്**

(2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1st APRIL 2014 TO 31st MARCH 2015)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2015 ജൂലൈ 7-ാം തീയതി സമർപ്പിച്ചത്

(Presented on 7th July, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി IV

# (SUBJECT COMMITTEE IV)

# വ്യവസായവും ധാതുക്കളും

# (INDUSTRY AND MINERALS)

**ആനുകാലിക റിപ്പോർട്ട്**

(2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1st APRIL 2014 TO 31st MARCH 2015)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

641/2015.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 15 |

# വിഷയനിർണ്ണയ സമിതി IV

## (വ്യവസായവും ധാതുക്കളും)

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. എ. എ. അസീസ്

ശ്രീ. ഹൈബി ഈഡൻ

ശ്രീ. എളമരം കരീം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. സാജു പോൾ

ശ്രീ. വി. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. ദുളസീധരൻ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

1-4-2014 മുതൽ 31-3-2015 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 5 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ മൂന്ന് യോഗങ്ങൾ ചട്ടം 235 (എ) പ്രകാരം ചേരുകയും കയർ ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.സി.ഡി.സി. സ്കീം അനുസരിച്ച് നിർമ്മിച്ച കെട്ടിടങ്ങളും യന്ത്രസാമഗ്രികളും ഉപയോഗപ്രദമാക്കൽ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെയും അക്ഷയ കേന്ദ്രങ്ങളുടെയും പ്രവർത്തനം, കൈത്തറി മേഖലയുടെ പുനരുദ്ധാരണ, പുനരാവിഷ്കരണ പാക്കേജ് എന്നീ വിഷയങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും ചെയ്തു. മറ്റു രണ്ട് യോഗങ്ങളിൽ വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ, 2013-14 വർഷത്തെ ആനുകാലിക റിപ്പോർട്ട്, ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവയുടെ കരട്, കരട് ചട്ടങ്ങൾ എന്നിവ പരിഗണിക്കുകയുണ്ടായി.

ഈ റിപ്പോർട്ട് നാല് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ, രണ്ടാം ഭാഗത്തിൽ ചട്ടങ്ങളുടെ പരിശോധന സംബന്ധിച്ച വിവരങ്ങൾ, മൂന്നാം ഭാഗത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 235 (I) (iii)-ൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് സമിതി നടത്തിയ പഠന വിവരങ്ങൾ, നാലാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മുൻ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2015 ജൂൺ 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. കെ. കുഞ്ഞാലിക്കുട്ടി,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IV.*

തിരുവനന്തപുരം,
2015 ജൂൺ 30.

# റിപ്പോർട്ട്

ഭാഗം I

## സമിതി റിപ്പോർട്ടുകൾ

1. 2014-2015 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2014 ജൂൺ 9-ാം തീയതി സഭയിൽ സമർപ്പിച്ചു

2. പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് 2014 ജൂലൈ 2-ാം തീയതി സഭയിൽ സമർപ്പിച്ചു

3. സമിതിയുടെ 1-4-2013 മുതൽ 31-3-2014 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2014 ജൂലൈ 10-ാം തീയതി സഭയിൽ സമർപ്പിച്ചു.

4. 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2014 ജൂലൈ 10-ാം തീയതി സഭയിൽ സമർപ്പിച്ചു.

ഭാഗം II

## ചട്ടങ്ങളുടെ പരിശോധന

(1) 2014-ലെ കേരള ജിയോളജി സബോർഡിനേറ്റ് സർവ്വീസ് (അമെൻഡ്മെന്റ്) സ്പെഷ്യൽ റൂൾസ്

- 1996-ലെ കേരള ജിയോളജി സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 2014-ലെ കേരള ജിയോളജി സബോർഡിനേറ്റ് സർവ്വീസ് (അമെൻഡ്മെന്റ്) സ്പെഷ്യൽ റൂൾസിന്റെ കരട് 2014 നവംബർ 12-ന് ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(2) 2014-ലെ കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്) റൂൾസ് (എസ്.ആർ.ഒ. നമ്പർ 191/2014)

1967-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 2014-ലെ കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്) റൂൾസ് (എസ്.ആർ.ഒ. 191/2014) സമിതി പരിശോധിക്കുകയും ഭേദഗതി കൂടാതെ സാധൂകരിക്കുകയും ചെയ്തു.

(3) 2014-ലെ കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്) റൂൾസ് (എസ്.ആർ.ഒ. നമ്പർ 217/2014)

1967-ലെ കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്) റൂൾസിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 2014-ലെ കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്) റൂൾസ് (എസ്.ആർ.ഒ. നമ്പർ 217/2014) സമിതി പരിശോധിക്കുകയും ഭേദഗതി കൂടാതെ സാധൂകരിക്കുകയും ചെയ്തു.

(4) 2014-ലെ കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്) റൂൾസ് (എസ്.ആർ.ഒ. നമ്പർ 393/2014)

1967-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിൽ ഭേദഗതി വരുത്തുന്നതിനുള്ള 2014-ലെ കേരള മൈനർ മിനറൽ കൺസഷൻ (അമെൻഡ്മെന്റ്) റൂൾസ് (എസ്.ആർ.ഒ. നമ്പർ 393/2014) സമിതി പരിശോധനയ്ക്കെടുത്തെങ്കിലും ചില വിഷയങ്ങളിൽ അവ്യക്തതയും അപ്രായോഗികതയും നിലനിൽക്കുന്നതിനാൽ സാധൂകരണം നൽകുകയുണ്ടായില്ല.

<u>ഭാഗം III</u>

## ചട്ടം 235(1)(iii) ലും (v) ലും പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ

1. 2014 മേയ് 7-ാം തീയതി ചേർന്ന യോഗത്തിൽ കയർ ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.സി.ഡി.സി. സ്കീം അനുസരിച്ച് നിർമ്മിച്ച കെട്ടിടങ്ങളും യന്ത്രസാമഗ്രികളും ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്തു. പൊതുമേഖലാസ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച സമിതി റിപ്പോർട്ടിന്റെ കരട് പ്രസ്തുത യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2. 2014 സെപ്റ്റംബർ 24-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം, അക്ഷയപദ്ധതി എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു. പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സമിതിയുടെ പരിഗണനയിലാണ്.

3. 2015 ഫെബ്രുവരി 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി കൈത്തറി മേഖലയുടെ പുനരുദ്ധാരണ പുനരാവിഷ്കരണ പാക്കേജ് (റിവൈവൽ, റിഫോം, റീസ്ട്രക്ചറിംഗ് പാക്കേജ് ഓഫ് ഹാന്റ്ലൂം സൊസൈറ്റീസ്) എന്ന വിഷയം ചർച്ച ചെയ്തു.

## ഭാഗം IV

വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 2012-2013-ലെ രണ്ടാമത് റിപ്പോർട്ട്

### ഖാദി വ്യവസായം

2851-00-105-99—(പ്ലാൻ)—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്—ഭരണപരമായ ചെലവുകൾ

ശിപാർശ

ഖാദി ഗ്രാമവ്യവസായ മേഖലയിൽ 2851-00-105-99—(പ്ലാൻ) ഹെഡിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന മേഖലകളിൽ ഓരോന്നിലും തുക വർദ്ധിപ്പിച്ചു നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു:

(ഖണ്ഡിക 13)

ഖാദി വകുപ്പിലെ ഉല്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം

ഖാദി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം നൽകുന്നതിനും ഖാദി ഉൽപ്പാദനകേന്ദ്രങ്ങൾ പുനരുദ്ധരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി 78.5 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 44 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആയതിനാൽ ബാക്കി തുകയായ 34.5 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2012-13-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

(ഖണ്ഡിക 13, 14)

ശിപാർശ

വാർത്താവിതരണവും പ്രചരണവും പരിശീലനവും

ഖാദി ഉല്പന്നങ്ങളെ സംബന്ധിച്ച് പൊതു അവബോധം സൃഷ്ടിക്കുന്നതിന് വ്യാപകമായ പ്രചരണവും ബോധവൽക്കരണവും അനിവാര്യമാണ്. ദൃശ്യ-ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രചരണം, പൊതുജന ബോധവൽക്കരണ പരിപാടികൾ, പ്രദർശനങ്ങൾ/മേളകൾ, ഖാദി തൊഴിലാളികളുടെ വൈദഗ്ദ്ധ്യ വർദ്ധനവും പരിശീലനവും

എന്നിവയിലൂടെ മാത്രമേ ഈ പദ്ധതി ഫലപ്രാപ്തിയിലെത്തുകയുള്ളൂ. ഇതിനായി 29.5 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഇതിൽ 19.5 ലക്ഷം രൂപ തൊഴിലാളികളുടെ പരിശീലനത്തിനും വൈദഗ്ദ്ധ്യ വർദ്ധനവിനുമായി പ്രത്യേകമായി വകയിരുത്തിയിരിക്കുകയാണ്. ആയതിനാൽ ബാക്കി തുകയായ 4.5 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2012-13-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

<u>സിൽക്ക് ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കലും നെയ്ത്തുമേഖല ശക്തിപ്പെടുത്തലും</u>

ഈ പദ്ധതിക്കായി 2 കോടി 80 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 15 ലക്ഷം രൂപ കൂടി ഈ പദ്ധതിക്കായി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2012-13-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

2851-00-105-87—<u>നോൺ പ്ലാൻ—ഖാദി ബോർഡ് സംഭരണശാലകളുടെ നവീകരണവും വിൽപ്പന കേന്ദ്രങ്ങളുടെ കമ്പ്യൂട്ടർവൽക്കരണവും</u>

പുതിയ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങളുടെ കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും സംഭരണശാലകളുടെ ആധുനികവൽക്കരണം, സഞ്ചരിക്കുന്ന വിപണന യൂണിറ്റുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികൾക്കായി 75 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നെങ്കിലും 65 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ബാക്കി തുകയായ 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2012-13-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

2851-00-105-76—<u>ഖാദി ക്ലസ്റ്ററുകൾ സ്ഥാപിക്കൽ</u>

പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉല്പാദനപരവും മത്സരാധിഷ്ഠിതവുമാക്കുന്നതിന് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഓരോ 'ഖാദി ക്ലസ്റ്റർ' സ്ഥാപിക്കുന്നതിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി ഈ പദ്ധതിക്ക് 2.88 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1.49 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി തുകയായ 1.39 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2012-13-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

2851-00-105-99-(NP)—<u>കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്—ഭരണപരമായ പദ്ധതിയിതര ചെലവുകൾ</u>

ബോർഡിന്റെ ഭരണപരമായ ചെലവുകൾ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2012-13 വർഷത്തേക്ക് 4862.37 ലക്ഷം രൂപയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 2094.84 ലക്ഷം രൂപയാണ് പദ്ധതിയേതര ചെലവിനായി അനുവദിച്ചിട്ടുള്ളത്. ഇത് ഏകദേശം 9 മാസത്തെ ചെലവുകൾക്കേ തികയുകയുള്ളൂ. ബോർഡിന് സർക്കാരിൽ നിന്നുള്ള ഗ്രാന്റല്ലാതെ മറ്റു വരുമാനമാർഗ്ഗമില്ല.

(ഖണ്ഡിക 19)

ആയതിനാൽ ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതുൾപ്പെടെയുള്ള ഭരണപരമായ ചെലവുകൾക്കായി 1176.45 ലക്ഷം രൂപയും 1990-91 മുതൽ 2010-11 വരെ ബോർഡ് അധികം ചെലവ് ചെയ്ത തുക തിരിച്ചടയ്ക്കുന്നതിനായി തുകയുടെ ഏകദേശം 25% ആയ 6 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2012-13-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള പദ്ധതി നടത്തിപ്പിനായി 30-3-2013-ലെ ജി.ഒ. (ആർറ്റി.) നമ്പർ 491/2013/ഐ.ഡി. ഉത്തരവ് പ്രകാരം 96 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(ഖണ്ഡിക 19, 20)

2851-00-105-96-(33)—<u>ഖാദി ചില്ലറ വിൽപ്പനയ്ക്കുള്ള പ്രത്യേക റിബേറ്റ്</u>

2011-12 സാമ്പത്തിക വർഷം 550 ലക്ഷം രൂപ നോർമൽ റിബേറ്റ് അനുവദിച്ചിരുന്നു. ഖാദി കമ്മീഷനിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന റിബേറ്റ് നിർത്തലാക്കുകയും പകരം മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് നടപ്പിലാക്കുകയും ചെയ്തത് ഖാദി ചില്ലറ വിൽപ്പന മേഖലയെ പ്രതികൂലമായി ബാധിച്ചിരുന്നു. ഇത് പരിഹരിക്കുന്നതിനായി 19-8-2011-ലെ ജി.ഒ. (ആർറ്റി.) നമ്പർ 179/2011/ഐ.ഡി. പ്രകാരം ഉത്സവകാലങ്ങളിൽ 108 ദിവസം 10% അധിക റിബേറ്റ് നൽകുന്നതിന് 600 ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും ആയത് റെഗുലറൈസ് ചെയ്തിരുന്നില്ല. നോർമൽ റിബേറ്റിനത്തിൽ 550 ലക്ഷം രൂപയിൽ 267.06 ലക്ഷം രൂപ മാത്രമാണ് ബോർഡിന് ലഭിച്ചത്. ഇതിൽ ബാക്കി തുകയായ 282.94 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>ശിപാർശ</u>

2012-13 സാമ്പത്തിക വർഷം നോർമൽ റിബേറ്റിനത്തിൽ 700 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 550 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. ബാക്കി തുകയായ 150 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

കൂടാതെ ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ ഉൽസവ കാലങ്ങളിൽ 108 ദിവസം 10% അധിക റിബേറ്റ് ഇനത്തിൽ, നോർമൽ റിബേറ്റിനുപുറമെ 800 ലക്ഷം രൂപയും ഖാദി ബോർഡിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മേൽ വിവരിച്ചപ്രകാരം ഖാദി ബോർഡിന് 2851-00-105-96(33) എന്ന ഹെഡിൽ ആകെ 1232.94 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ഉത്സവകാലങ്ങളിലെ റിബേറ്റിനായി 22-12-2012-ലെ ജി.ഒ. (ആർറ്റി.) 1868/2012/ഐ.ഡി. നമ്പർ ഉത്തരവ് പ്രകാരം 600 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഖണ്ഡിക 22, 23)

## കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

ശിപാർശ

ചൈന ക്ലേ ഖനന പദ്ധതിക്ക് 142 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

ചൈന ക്ലേ ഖനനം സംബന്ധിച്ച ഒരു പദ്ധതി നിർദ്ദേശം കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ ഭരണാനുമതി ഇനിയും നൽകിയിട്ടില്ലാത്തതിനാൽ സമിതി ശിപാർശ ചെയ്ത തുക ഈ സാമ്പത്തികവർഷം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല

ശിപാർശ

ധാതുമണൽ ഖനനത്തിനായി 338 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

ധാതുമണൽ ഖനനം നടത്തുന്നതിനുവേണ്ടി ഒരു പ്രൊപ്പോസൽ കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ ഭരണാനുമതി ഇനിയും നൽകിയിട്ടില്ലാത്തതിനാൽ സമിതി ശിപാർശ ചെയ്ത തുക ഈ സാമ്പത്തിക വർഷം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല

ശിപാർശ

അണക്കെട്ടുകളിൽ നിന്ന് ചെളിയും മണലും നീക്കി വിപണനം ചെയ്യുന്നതിനുള്ള 'ഡീസിൽറ്റിംഗ്' പദ്ധതിക്കായി 12.4 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

<u>സ്വീകരിച്ച നടപടി</u>

'ഡീസിൽറ്റിംഗ്' പദ്ധതി പുനരാരംഭിക്കുന്നതിനുള്ള അനുമതി ഇനിയും സർക്കാർ നൽകിയിട്ടില്ല. അതിനാൽ സമിതി ശിപാർശ ചെയ്ത തുക കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് ഈ സാമ്പത്തിക വർഷം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 2013-2014-ലെ മൂന്നാമത് റിപ്പോർട്ട്

### വ്യവസായ വാണിജ്യ വകുപ്പ്

2851-00-001-93—<u>കപ്പാസിറ്റി ബിൽഡിംഗ്/ഊർജ്ജിത വ്യവസായവൽക്കരണ പരിപാടി</u>

<u>ശിപാർശ</u>

അനുയോജ്യരായ തൊഴിലാളികളുടെ അഭാവം നിലവിൽ വ്യവസായ മേഖലയിലെ സംരംഭകർക്ക് ഒരു പ്രതിബന്ധമാണ്. ഈ പ്രതിസന്ധി മറികടക്കുന്നതിന് വ്യവസായ മേഖലയിലെ സംരംഭകർ, നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവരുടെ ശേഷി വികസനം, തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം എന്നിവ ലക്ഷ്യമാക്കുന്ന പദ്ധതിക്ക് 7.70 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5.95 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. സാങ്കേതിക പരിശീലനം കൊടുത്ത് യുവതലമുറയെ തൊഴിലിനായി സജ്ജരാക്കാൻ ഈ പദ്ധതിയിൽ ഊന്നൽ നൽകിയിരിക്കുന്നു. പദ്ധതി ചെലവ് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ബാക്കി തുകയായ 1.75 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ സാമ്പത്തിക പരിമിതികൾ കാരണം കപ്പാസിറ്റി ബിൽഡിംഗ്/ ഊർജ്ജിത വ്യവസായവൽക്കരണ പരിപാടിക്ക് 2013-14 സാമ്പത്തികവർഷത്തേക്ക് സമിതി ശിപാർശ ചെയ്ത അധിക തുകയായ 1.75 കോടി രൂപ അനുവദിക്കാൻ സാധിച്ചിട്ടില്ല.

2851-00-102-48—<u>ദിനേശ് ബീഡി തൊഴിലാളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒഴികെയുള്ള ബീഡി തൊഴിലാളികൾക്കുള്ള ധനസഹായം</u>

ബീഡി വ്യവസായം ഇപ്പോൾ പ്രോത്സാഹിപ്പിക്കാത്ത സാഹചര്യത്തിൽ ബീഡി വ്യവസായത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളിലേക്ക് മാറുന്നതിന് സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്ക് തുകയൊന്നും

വകയിരുത്തിയിട്ടില്ല. ആയതിനാൽ ദിനേശ് ബീഡി തൊഴിലാളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒഴികെയുള്ള ബീഡി തൊഴിലാളികളെ ശക്തിപ്പെടുത്തുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

2851-00-104—കരകൗശലവ്യവസായങ്ങൾ

കരകൗശലമേഖലയ്ക്ക് മാർജിൻമണി സഹായം (പുതിയ പദ്ധതി)

കരകൗശല മേഖലയിലെ സംരംഭങ്ങൾക്ക് മാർജിൻമണി സഹായം നൽകുന്ന പുതിയ പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി പുതിയ ശീർഷകം ആരംഭിച്ച് അതിൽ 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

2851-00-104-77—കരകൗശല ശിൽപ്പികൾക്ക് ആരോഗ്യ പാക്കേജ് പദ്ധതിയിൽ പേര് ചേർക്കുന്നതിനുള്ള ധനസഹായം

പരമ്പരാഗത കരകൗശല തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിന് വേണ്ടിയുള്ള ഈ പദ്ധതിക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ഈ പദ്ധതിക്ക് 2 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2013-14-ൽ തുക വകയിരുത്താൻ സാധിച്ചിട്ടില്ല.

(ഖണ്ഡിക 2, 3, 4)

4851-00-104-99—കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷൻസിനുള്ള സഹായം

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കാഡ്കോയുടെ വിഹിതം 65 ലക്ഷം രൂപയാണ്. കാഡ്കോയുടെ കളമശ്ശേരിയിലെ പെർമനന്റ് ട്രെയിനിംഗ് സെന്ററിന്റെ തുടർപ്രവർത്തനത്തിനായി 28 ലക്ഷം രൂപയും വിവിധ മേഖലകളിലെ നൈപുണ്യ പരിശീലന പരിപാടികൾക്കായി 32 ലക്ഷം രൂപയും ചേർത്ത് ആകെ 60 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 26)

2851-00-104-84—കരകൗശല മേഖലയിൽ ഉദ്യമകർത്തവ്യ സഹായം

ഏകദേശം 100 ആർട്ടിസാൻസുകാർക്ക് വായ്പ നൽകുന്നതിനായി 30 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

ആർട്ടിസാൻസ് ഉല്പന്നങ്ങൾക്ക് വിപണി

ആർട്ടിസാൻസ് ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രധാന നഗരങ്ങളിൽ പ്രദർശന വില്പനമേളകൾ, ബയർ-സെല്ലർ മീറ്റ് തുടങ്ങിയവ നടത്തുന്നതിന് ലക്ഷ്യമിടുന്നു. ആയതിന്റെ ആവശ്യത്തിലേക്കായി 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

4851-00-104-99—കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷൻസിനുള്ള സഹായം

കേരള കരകൗശല വികസന കോർപ്പറേഷന്റെ ആസ്ഥാന മന്ദിരത്തിന്റെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി 20 ലക്ഷം രൂപയും കോർപ്പറേഷന്റെ ഹെഡ് ഓഫീസിലും വിൽപ്പനശാലകളിലും ഫിംഗർ പ്രിന്റ് ടൈം അറ്റൻഡൻസ് ടെർമിനൽ, സി.സി.ടി.വി. സർവെയിലൻസ് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിന് 15 ലക്ഷം രൂപയും ചേർത്ത് ആകെ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2013-14-ൽ അധിക തുക വകയിരുത്താൻ സാധിച്ചിട്ടില്ല.

(ഖണ്ഡിക 26, 27, 28, 29)

## സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്

ശിപാർശ

സിൽക്കിന്റെ ഒരു അനുബന്ധ സ്ഥാപനമായി പ്രവർത്തിച്ചുവരുന്ന 'സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്' വിവിധ സ്ഥാപനങ്ങൾക്കാവശ്യമായ പ്രത്യേകതരം ഫോർജിംഗ്സുകൾ നിർമ്മിച്ച് നൽകുന്നു. നിലവിലുള്ള 10 ടൺ ഹാമറിന്റെ ആൻവിൽ ബ്ലോക്ക് മാറുകയും 16 ടൺ ഹാമറിനോടനുബന്ധിച്ച മറ്റ് യന്ത്രസാമഗ്രികൾ

വാങ്ങി സ്ഥാപിക്കുകയും ചെയ്താൽ ഉൽപ്പാദനക്ഷമതയും ലാഭവും ഏറെ വർദ്ധിപ്പിക്കുവാൻ സാധിക്കും. ആയതിനാൽ ഇതിനാവശ്യമായ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ 16 ടൺ ഹാമർ സ്ഥാപിക്കുന്നതിന് 20-11-2012-ലെ സ.ഉ. (സാധാ.) നമ്പർ 1722/12/വ്യവ. ഉത്തരവ് പ്രകാരം 8 കോടി രൂപ നൽകുകയും 13-11-2013-ലെ സ.ഉ. (സാധാ.) നമ്പർ 1430/13/വ്യവ. നമ്പർ ഉത്തരവ് പ്രകാരം ബാക്കി 4 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്ക്)

ശിപാർശ

സിൽക്ക് ഇൂറവൂർ യൂണിറ്റിന്റെയും അഴീക്കൽ യൂണിറ്റിന്റെയും ഒന്നാംഘട്ട പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ദ്രുതഗതിയിൽ നടന്നുവരുന്നു. അൻപതോളം പേർക്ക് തൊഴിൽ നൽകുവാൻ കഴിയുന്ന രണ്ടാംഘട്ട പുനരുദ്ധാരണ പ്രവർത്തനത്തിന് ഫണ്ട് വേണ്ടതായിട്ടുണ്ട്. ആയതിനാൽ ഇൂറവൂർ ജനറൽ എഞ്ചിനീയറിംഗ് വർക്സിന്റെ സാങ്കേതിക പുനരുദ്ധാരണം ആരോഗ്യ അടിസ്ഥാന മേഖലയിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി 4 കോടി രൂപയും അഴീക്കൽ ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റിന്റെ സാങ്കേതിക പുനരുദ്ധാരണം, ജലഗതാഗത മേഖലയിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് 2 കോടി രൂപയും ചേർത്ത് 6 കോടി രൂപ ഗ്രാന്റായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപരിയായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

2011-12-ൽ സിൽക്കിന്റെ യൂണിറ്റായ ജനറൽ എഞ്ചിനീയറിംഗ് യൂണിറ്റിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 400 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ലാത്തതിനാലും സിൽക്കിന്റെ മറ്റൊരു യൂണിറ്റായ അഴീക്കൽ ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റിന് 2012-13-ൽ അനുവദിച്ച 400 ലക്ഷം രൂപയിൽ 19.93 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്ന് കണ്ടെത്തിയതിനാലും 2013-14 സാമ്പത്തിക വർഷം സിൽക്കിന് തുക അനുവദിച്ചിട്ടില്ല.

### കെൽപാം

2851-00-105-84—<u>കേരള സ്റ്റേറ്റ് പാൽമിര പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് ആന്റ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ്</u>

4885-60-800-96—<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ഉള്ള തുക</u>

കെൽപാമിന്റെ തൊഴിലാളികൾക്കായി ഏർപ്പെടുത്തുന്ന സമഗ്ര തൊഴിലാളിക്ഷേമ പദ്ധതിക്കായി 75 ലക്ഷം രൂപയും കരിമ്പന കൃഷി പ്രോത്സാഹനത്തിനും സാമൂഹ്യവനവൽക്കരണത്തിനുമായി 70 ലക്ഷം രൂപയും കരമ്പന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും അത്യാധുനിക ശീതളപാനീയ യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ പ്രാരംഭ ചെലവിനായി 50 ലക്ഷം രൂപയും ശീതള പാനീയ നിർമ്മാണം, പനയോല കരകൗശല ഉല്പന്നങ്ങളുടെ നിർമ്മാണം, ഫർണിച്ചർ, ബ്രഷ് എന്നിവയുടെ നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുന്നതിനായി 75 ലക്ഷം രൂപയും തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിലുള്ള എൻ.ബി.സി.എഫ്.ഡി.സി.-യുടെ വായ്പാ പദ്ധതിക്ക് 30 ലക്ഷം രൂപയും പുതിയ ആരോഗ്യ ഔഷധ കരിമ്പന ഉല്പന്ന വികസനത്തിനും വ്യാപനത്തിനുമായി 45 ലക്ഷം രൂപയും ഉൾപ്പെടെ കെൽപാമിന് 2.95 കോടി രൂപ് അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2013-14-ൽ അധിക തുക വകയിരുത്താൻ സാധിച്ചിട്ടില്ല.

### ആട്ടോകാസ്റ്റ് ലിമിറ്റഡ്

ആട്ടോകാസ്റ്റ് ലിമിറ്റഡ് 2013-14-ൽ സർക്കാരിന് സമർപ്പിച്ച ബഡ്ജറ്റ് പ്രകാരം കമ്പനിയുടെ പുതിയ യൂണിറ്റിൽ ഉണ്ടാകുന്ന ഉരുക്കുകാസ്റ്റിംഗുകൾ ഉൾപ്പെടെ 4740 ടൺ ഉല്പാദനം ലക്ഷ്യമിടുന്നു. ഇതിനായി 2 കോടി രൂപയും ഉൽപ്പാദന യൂണിറ്റിൽ അടിയന്തരമായി സ്ഥാപിക്കേണ്ട ഉപകരണങ്ങൾക്ക് 4.8248 കോടി രൂപയും അത്യന്താപേക്ഷിതമാണ്. ആയതിനാൽ കമ്പനിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ബഡ്ജറ്റ് വിഹിതമായ 2 കോടി രൂപയ്ക്ക് പുറമെ 6.8248 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

സമഗ്ര പുരോഗതിക്കായി ആട്ടോകാസ്റ്റ് സമർപ്പിച്ച പദ്ധതിക്ക് 30-11-2013-ലെ സ.ഉ. (സാധാ.) നമ്പർ 1521/2013/വ്യവ. ഉത്തരവ് പ്രകാരം 6.89 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ച്ചറിംഗ് സംബന്ധിച്ച റിപ്പോർട്ട്

ശിപാർശ

സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡും കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യം നൽകുന്നതിന് അനുയോജ്യരായ പങ്കാളികളെ കേന്ദ്രസഹായത്തോടെ കണ്ടെത്തുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡും കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷനും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡുമായി ചേർന്ന് ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യം നൽകുന്നതിന് അനുയോജ്യരായ പങ്കാളികളെ കണ്ടെത്തുന്നതിനായി ആഗോളതലത്തിൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (ഇ.ഒ.ഐ.) ക്ഷണിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇതിനായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ

ബഡ്ജറ്റിൽ ടെക്സ്റ്റൈൽ മേഖലയ്ക്ക് പ്രത്യേകമായി അനുവദിച്ച 60 കോടി രൂപയിൽ 27 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബാക്കി തുകയായ 33 കോടി രൂപ കൂടി ടെക്സ്റ്റൈൽ മേഖലയ്ക്ക് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

ശിപാർശ

ടെക്സ്റ്റൈൽ മേഖലയുടെ ആവശ്യങ്ങൾ സമയബന്ധിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കണ്ടിജൻസി ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിനും പിന്നീട് അധിക ധനാഭ്യർത്ഥനവഴി ആയത് ക്രമീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ ടെക്സ്റ്റൈൽ മേഖലയ്ക്ക് അനുവദിച്ച 60 കോടി രൂപയുടെ പാക്കേജിൽ 27.60 കോടി രൂപ 30-3-2013-ലെ 483/2013/വ്യവ. നമ്പർ സർക്കാർ ഉത്തരവ് (സാധാ.) പ്രകാരം റിലീസ് ചെയ്തിരുന്നു. ഇതിൽ ബാക്കിയുള്ള 32.40 കോടി രൂപ പ്രവർത്തന മൂലധനമായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിൽ നിന്നും 6 കോടി രൂപ ടെക്സ്ഫെഡിന് (കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ 1.80 കോടി രൂപ, മലബാർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ 1 കോടി രൂപ, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ 3.20 കോടി രൂപ) അനുവദിച്ചിരുന്നു. ഒരു കോടി രൂപ ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിനും അനുവദിച്ചിരുന്നു. 60 കോടി രൂപയിൽ ബാക്കി വന്ന 25.40 കോടി രൂപ 10-3-2014-ലെ 321/2014/വ്യവ. നമ്പർ സർക്കാർ ഉത്തരവ് (സാധാ.) പ്രകാരം റിലീസ് ചെയ്തിരുന്നു. ഇപ്രകാരം ടെക്സ്റ്റൈൽ മേഖലയ്ക്ക് പ്രത്യേകമായി അനുവദിച്ച 60 കോടി രൂപയും റിലീസ് ചെയ്തിട്ടുണ്ട്.

(ഖണ്ഡിക 9, 10)

പി. കെ. കുഞ്ഞാലിക്കുട്ടി,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IV.*

തിരുവനന്തപുരം,
2015 ജൂൺ 30.

<u>അനുബന്ധം</u>

## 7-5-2014-ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2014 മേയ് മാസം 7-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. താഴെ പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.
2. ശ്രീ. എ. എ. അസീസ്, എം.എൽ.എ.
3. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. സാജു പോൾ, എം.എൽ.എ.
5. ശ്രീ. വി. ശശി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ, വിവരസാങ്കേതികവിദ്യ വകുപ്പുകൾ
2. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, കയർ വകുപ്പ്
3. ശ്രീ. എബി പോൾ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
4. ശ്രീ. രാജഗോപാൽ, കെ. എസ്., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
5. ശ്രീ. പി. റ്റി. തോമസ്, സെക്രട്ടറി, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്
6. ശ്രീ. കെ. മദനൻ, ഡയറക്ടർ, കയർ വകുപ്പ്.

സമിതി, കയർ ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.സി.ഡി.സി. സ്കീം അനുസരിച്ച് നിർമ്മിച്ച കെട്ടിടങ്ങളും യന്ത്രസാമഗ്രികളും ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുകയും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ

സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ, പൊതുമേഖലാസ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ചെയ്തു.

കയർ ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.സി.ഡി.സി. സ്കീം അനുസരിച്ച് നിർമ്മിച്ച കെട്ടിടങ്ങളും യന്ത്രസാമഗ്രികളും ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 16009/സബ്.സി.ബി.2/2008/നി.സെ.)

കയർ സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. പദ്ധതി പ്രകാരം നൽകിയിട്ടുള്ള കെട്ടിടങ്ങൾ, ഐ.സി.ഡി.സി. പ്രകാരം നൽകിയ യന്ത്രസാമഗ്രികൾ എന്നിവയിൽ ഉപയോഗിക്കാതെ കിടക്കുന്നവയെ കയർ വ്യവസായത്തിന്റെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്രദമാക്കുന്ന കർമ്മപരിപാടി ആസൂത്രണം ചെയ്യണമെന്ന് വിഷയനിർണ്ണയ സമിതി IV-ന്റെ 2008-2009-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ സമിതി ശിപാർശ ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചതിൽ, ക്ലസ്റ്ററിന്റെ കീഴിലുണ്ടായിരുന്ന യന്ത്രങ്ങളെല്ലാം തന്നെ നിലവിൽ ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് കയർ വികസന ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു. നിലവിൽ പ്രവർത്തിക്കുന്ന എല്ലാ സംഘങ്ങളിലെയും ഷെഡ്ഡുകളിലുമുള്ളത് പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള ഡീഫൈബറിംഗ് മെഷീനുകളും ക്ലസ്റ്ററിന്റെ കീഴിലുണ്ടായിരുന്ന യന്ത്രങ്ങളുമാണ്. നേരത്തെ ഉണ്ടായിരുന്ന ഷെഡ്ഡുകൾ തികയാതിരുന്നതിനാൽ സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് കൂടുതൽ ഷെഡ്ഡുകൾ നിർമ്മിക്കുകയും കാലപ്പഴക്കം വന്ന യന്ത്രങ്ങൾക്ക് പകരമായി പുതിയ ഡീഫൈബറിംഗ് മെഷീൻ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ എന്നിവയെല്ലാം സ്ഥാപിച്ച് ഷെഡ്ഡുകളും ഗോഡൗണുകളുമെല്ലാം നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നതായും കയർ വികസന ഡയറക്ടർ വ്യക്തമാക്കി.

താന്നൂരിൽ കയർ ടഫ്റ്റിംഗ് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രോജക്ടിന്റെ വിശദാംശങ്ങൾ സമിതി ആരാഞ്ഞു. വർക്കിംഗ് ഗ്രൂപ്പിൽ വച്ച് അംഗീകരിച്ച പ്രസ്തുത പദ്ധതിക്കുള്ള യന്ത്രങ്ങൾക്കാവശ്യമായ തുകയുടെ 50% കയർ കോർപ്പറേഷൻ വായ്പ എടുക്കണമെന്നും, ബാക്കി തുക സർക്കാർ നൽകുന്നതാണെന്നും വായ്പ സാംഗ്ഷൻ ആയിരിക്കുന്നതിനാൽ താമസിയാതെ ലഭ്യമാകുന്നതാണെന്നും കയർ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2013-2014-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2798/സബ്.സി.ബി.2/2013/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 58, 59, 60, 61, 62, എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണനയ്ക്കെടുത്തു.

അലുമിനിയം ദണ്ഡ് ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്കായി അനുവദിച്ച 7 കോടി രൂപയിൽ 5.12 കോടി രൂപ വകമാറ്റി ചെലവഴിച്ച് ബാക്കി 1.88 കോടി രൂപ തിരിച്ചടച്ചതായി സർക്കാർ സമർപ്പിച്ച മറുപടി പത്രികയിൽ രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ സമിതി ആരാഞ്ഞു. അലുമിനിയം ദണ്ഡ് ഉൽപ്പാദനവുമായി ബന്ധപ്പെട്ട പദ്ധതിക്ക് ഐ.ഐ.ടി.യുടെ 'ഫീസിബിലിറ്റി സ്റ്റഡി' റിപ്പോർട്ട് ലഭിക്കാൻ വൈകിയതിനാൽ അനുവദിച്ച തുക പ്രസ്തുത പദ്ധതിക്ക് ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യത്തിൽ തുക നഷ്ടപ്പെടുത്താതെ 'കെൽ'-ന്റെ തന്നെ മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കുന്നതിനായി വകമാറ്റി നൽകിയതാണെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബോധിപ്പിച്ചു.

മേൽ സൂചിപ്പിച്ച ഖണ്ഡിക 58 മുതൽ 62 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3072/സബ്.സി.ബി.2/2012/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖാദി വ്യവസായവുമായി ബന്ധപ്പെട്ട 13 മുതൽ 23 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2012-2013 സാമ്പത്തിക വർഷത്തിൽ ഖാദി മേഖലയ്ക്ക് തുക അനുവദിച്ചില്ലെങ്കിലും 2013-2014 സാമ്പത്തിക വർഷം ഗോപിനാഥൻ നായർ കമ്മീഷന്റെ ശിപാർശ പ്രകാരം 14 കോടി രൂപ നൽകിയതായും നേരത്തെ നടന്നുകൊണ്ടിരുന്ന 12 കോടി രൂപയുടെ പ്രോജക്ടിന്റെ സ്ഥാനത്ത് ഏകദേശം 26 കോടി രൂപ ചെലവ് വരുന്ന പുതിയ പ്രോജക്ട് ഖാദി മേഖലയിൽ ആരംഭിക്കുന്നതായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

ഖാദി മേഖലയിലെ റിബേറ്റ് കുടിശ്ശിക സംബന്ധിച്ച് സമിതി ആരാഞ്ഞു. ഖാദിയുടെ സ്പെഷ്യൽ റിബേറ്റ് ഇനത്തിൽ ഏകദേശം 3¾ കോടി രൂപ കുടിശ്ശിക ഉണ്ടെന്നും ഈ വർഷം അനുവദിച്ച 6.6 കോടി രൂപയും ബഡ്ജറ്റിൽ അനുവദിച്ച 15 കോടി രൂപയും ചേർത്ത് 21.6 കോടി രൂപ ഉണ്ടെന്നതിനാൽ റിബേറ്റ് കുടിശ്ശിക കൊടുത്തു തീർക്കാവുന്നതാണെന്ന് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സെക്രട്ടറി വ്യക്തമാക്കി.

കൈത്തറിയുമായി ബന്ധപ്പെട്ട് ഭാരത സർക്കാർ പാക്കേജിന്റെ നടത്തിപ്പിൽ തിരുവനന്തപുരം ജില്ലയിൽ ജില്ലാ സഹകരണബാങ്കുകളുമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ സമിതി ചൂണ്ടിക്കാട്ടി. 2010-ന് ശേഷമുള്ള പലിശ കണക്കാക്കി, അത് തീർപ്പാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നതായി സമിതി മനസ്സിലാക്കി. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന 'അഡീഷണൽ ടേൺഓവർ ടാക്സ്' കൈത്തറിക്കും ബാധകമാക്കിയിട്ടുള്ള സാഹചര്യത്തിൽ, കൈത്തറി മേഖലയിലെ സൊസൈറ്റികൾ കടബാധ്യതകളിൽ നിന്നും മുക്തരാകാത്ത സ്ഥിതിവിശേഷമാണെന്ന് സമിതി വിലയിരുത്തി.

സെയിൽസ് ടാക്സ് വകുപ്പിന്റെ നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ ഹാന്റ്ലൂം ഉൾപ്പെടുന്നതായും, എന്നാൽ കൈത്തറി ഇനങ്ങൾ മാത്രം വിൽക്കുന്ന കടകളെ മാത്രമെ നികുതിയിൽ നിന്നും ഒഴിവാക്കാനാകൂ എന്നും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. ഖാദിയുടെ റെഡിമെയ്ഡ് ഇനങ്ങൾക്ക് മാത്രമെ നികുതി ഈടാക്കുന്നുള്ളൂ എന്നും അദ്ദേഹം അറിയിച്ചു

പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ച്ചറിംഗ് സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 4599/സബ്.സി.ബി.2/2013/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണനയ്ക്കെടുക്കുകയും കെ.എം.എം.എൽ.-ന്റെ പന്മനയിലുള്ള പുതിയ സ്ഥലത്ത് ഖനനം നടത്തി ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെംഡൽ) പരിഗണിക്കണമെന്ന ശിപാർശ ഒഴിവാക്കികൊണ്ട് റിപ്പോർട്ടും റിപ്പോർട്ടിലെ ബാക്കി ശിപാർശകളും സമിതി അംഗീകരിച്ചു.

സമിതി വൈകുന്നേരം 3.25-ന് യോഗം പിരിഞ്ഞു.

# 1-7-2014-ലെ യോഗനടപടികുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2014 ജൂലൈ മാസം 1-ാം തീയതി, ചൊവ്വാഴ്ച നിയമസഭ പിരിഞ്ഞശേഷം, വൈകുന്നേരം 5.10-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു.വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയും തദവസരത്തിൽ സന്നിഹിതനായിരുന്നു. താഴെ പറയുന്ന അംഗങ്ങളും സമിതിയുടെ യോഗത്തിൽ ഹാജരായിരുന്നു:

1. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
2. ശ്രീ. എ. എ. അസീസ്
3. ശ്രീ. ഹൈബി ഈഡൻ
4. ശ്രീ. സി. കൃഷ്ണൻ
5. ശ്രീ. സാജു പോൾ
6. ശ്രീ. വി. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എബി പോൾ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. പി. സി. കാസിം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീ. പി. എം. ഫ്രാൻസിസ്, ഡയറക്ടർ, വ്യവസായ വകുപ്പ്
4. ഡോ. കെ. മദനൻ, ഡയറക്ടർ, വ്യവസായ (കയർ) വകുപ്പ്
5. ശ്രീ. ബി. ജ്യോതികുമാർ, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
6. ശ്രീ. സി. പ്രസന്നകുമാർ, മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ

7. ശ്രീ. റ്റി. സുകുമാരൻ നായർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ

8. ശ്രീ. ആർ. ജയചന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കാപെക്സ്)

9. ശ്രീ. അബ്ദുൾ ലത്തീഫ്, മാനേജിംഗ് ഡയറക്ടർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

10. ഡോ. കെ. എ. രതീഷ്, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.

11. ശ്രീ. സജി, ബി., മാനേജിംഗ് ഡയറക്ടർ, സിഡ്കോ.

2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, വിഷയനിർണ്ണയ സമിതി IV-ന്റെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട്, 2013-2014-ലെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സമിതി പരിഗണനയ്ക്കെടുത്തു.

I. 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2798/സബ്.സി.ബി.2/2013/നി.സെ.)

2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 12-18, 21, 22, 24, 31, 32-38, 46-48, 50, 64, 69, 70 എന്നിവയിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ലീസ് ഫാക്ടറികൾ ഏറ്റെടുക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ലെങ്കിലും Cashew Factories Acquisition Amendment Act-ന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ 25 കോടി രൂപ അനുവദിച്ചിട്ടുള്ളതായി കാപെക്സ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ പഴക്കം ചെന്ന യന്ത്ര സാമഗ്രികൾ അടിയന്തരമായി മാറ്റി സ്ഥാപിക്കേണ്ടതുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന് ആവശ്യാനുസരണം അസംസ്കൃത വസ്തുക്കൾ കെ.എം.എം.എൽ.-ൽ നിന്ന് ലഭ്യമാക്കാത്തതിനാൽ ക്രെഡിറ്റ് സൗകര്യത്തിൽ ഐ.ആർ.ഇ. ലിമിറ്റഡിൽ നിന്നും ലഭ്യമാക്കുന്നതിന് സമ്മതിച്ചിട്ടുള്ളതായി

ടി.ടി.പി.യുടെ മാനേജിംഗ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ച അസംസ്കൃത വസ്തുക്കൾ ലഭിക്കാതെ പ്രവർത്തനം തൃപ്തികരമല്ലാതിരിക്കുന്നതിനാൽ ഒരു ഉന്നതതല യോഗം ചേർന്ന് ടി.ടി.പി.യ്ക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടി വരുമെന്ന് സമിതി വിലയിരുത്തി.

2013-2014-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടിലെ പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളെല്ലാം സമിതി അംഗീകരിച്ചു.

II. 2013-2014-ലെ ആനുകാലിക റിപ്പോർട്ട്

(ഫയൽ നമ്പർ 2273/സബ്.സി.ബി2/2014/നി.സെ.)

2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III. 2013-2014-ലെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(ഫയൽ നമ്പർ 2274/സബ്.സി.ബി2/2014/നി.സെ.)

2013-2014-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി വൈകുന്നേരം 5.40-ന് യോഗം പിരിഞ്ഞു.

## 24-9-2014-ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2014 സെപ്റ്റംബർ മാസം 24-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.
2. ശ്രീ. എ. എ. അസീസ്, എം.എൽ.എ.
3. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. വി. ശശി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ സെക്രട്ടറി

2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സുഭാഷ് ജോൺ മാത്യൂ, അഡീഷണൽ സെക്രട്ടറി, വിവരസാങ്കേതികവിദ്യ വകുപ്പ്

2. ശ്രീ. കെ. മുഹമ്മദ് വൈ. സഫിറുള്ള, ഡയറക്ടർ, കേരള സംസ്ഥാന ഐ.റ്റി. മിഷൻ.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം ചേർന്ന യോഗത്തിൽ 'അക്ഷയ പദ്ധതി' 'ഫ്രണ്ട്സ്-ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം എന്നീ വിഷയങ്ങൾ സമിതി ചർച്ച ചെയ്തു.

രണ്ടായിരാമാണ്ടിൽ തുടങ്ങി 14 വർഷം പിന്നിട്ടിരിക്കുന്ന ഫ്രണ്ട്സ്-ന്റെ നാളിതുവരെയുള്ള പ്രവർത്തനം കേരള സംസ്ഥാന ഐ.റ്റി. മിഷൻ ഡയറക്ടർ വിശദീകരിച്ചു. പൊതുജനങ്ങൾക്ക് വിവിധ ആഫീസുകളിൽ പോകാതെ തന്നെ വിവിധ വകുപ്പിലേക്കുള്ള നികുതികളും ബില്ലുകളും ഒറ്റകേന്ദ്രത്തിൽ അടയ്ക്കാൻ കഴിയുന്ന തരത്തിൽ തിരുവനന്തപുരത്ത് ആരംഭിച്ച ഫ്രണ്ട്സ് ജനസേവനകേന്ദ്രം 2001-ൽ മറ്റെല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചതായും വൈദ്യുതി ബിൽ, വാട്ടർ ബിൽ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയുമായി ബന്ധപ്പെട്ട റവന്യൂ ബില്ലുകൾ, ഇ-ഡിസ്ട്രിക്ട് പദ്ധതിയുമായി ബന്ധപ്പെട്ട ബില്ലുകൾ, കേരള, എം.ജി, കാലിക്കറ്റ് തുടങ്ങിയ സർവ്വകലാശാലകളുടെ ബില്ലുകൾ എന്നിവയെല്ലാം ഈ കേന്ദ്രങ്ങളിൽ സ്വീകരിച്ചു വരുന്നതായും ഐ.റ്റി. മിഷൻ ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

ഫ്രണ്ട്സ് കേന്ദ്രങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരെല്ലാം അന്യത്ര സേവന വ്യവസ്ഥ മുഖേന വിവിധ വകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ടവരാണെന്നും കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ആരും ജോലി ചെയ്യുന്നില്ലെന്നും മോട്ടോർ വാഹന വകുപ്പിൽ നിന്നാണ് 2000-ത്തിൽ ആദ്യമായി ഇവിടെ അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെത്തിയതെന്നും അദ്ദേഹം വ്യക്തമാക്കി.

ആരംഭവർഷത്തിൽ ഒരു ലക്ഷം ഇടപാടുകൾ ഫ്രണ്ട്സ് വഴി നടന്നപ്പോൾ 2008-2009 ആയപ്പോഴേക്കും അത് 27 ലക്ഷമായി വർദ്ധിച്ചു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ അത് ഏകദേശം 20 ലക്ഷത്തിൽ നിൽക്കുകയാണെന്ന് സമിതി കണ്ടെത്തി. വൈദ്യുതി ബിൽ, വാട്ടർ ബിൽ, ബി.എസ്.എൻ.എൽ. ബിൽ മുതലായവ ബന്ധപ്പെട്ട

വെബ്സൈറ്റുകൾ വഴിയും കിയോസ്കുകൾ വഴിയും അക്ഷയ കേന്ദ്രങ്ങൾ വഴിയുമെല്ലാം അടയ്ക്കുന്നതിന് നിലവിൽ സൗകര്യങ്ങൾ ഉള്ളതിനാലാണ് ഫ്രണ്ട്സ് കേന്ദ്രങ്ങൾ മുഖേനയുള്ള ഇടപാടുകൾ കുറയാൻ കാരണമെന്ന് സമിതി മനസ്സിലാക്കി.

'ഫ്രണ്ട്സ് ' മുഖേന ബില്ലുകൾ അടയ്ക്കുന്നതിന് 'സർവ്വീസ് ചാർജ് ' ഒന്നും തന്നെ ഈടാക്കാറില്ലെന്നും സേവനമാണ് ഫ്രണ്ട്സ് ലക്ഷ്യമിടുന്നതെന്നും ഐ.റ്റി. മിഷൻ ഡയറക്ടർ പറഞ്ഞു. ഒരു ബിൽ ഫ്രണ്ട്സിൽ സ്വീകരിക്കുമ്പോൾ, സർക്കാരിന് ശരാശരി 60-70 രൂപ ചെലവാകുന്നതായും മുൻ വർഷം 20.69 ലക്ഷം ഇടപാടുകൾ നടന്നപ്പോൾ ഒരു ബില്ലിന് ശരാശരി 50 രൂപ ചെലവ് വന്നതായും ശരാശരി 300 രൂപ മുതൽ 700 രൂപ വരെ വരുന്ന വാട്ടർ ബിൽ, ഇലക്ട്രിസിറ്റി ബിൽ എന്നിവ സ്വീകരിക്കുന്നതിലേക്കായി സർക്കാരിന് 60 മുതൽ70 രൂപ വരെ ചെലവ് വരുന്നതായും സമിതി മനസ്സിലാക്കി.

'ഫ്രണ്ട്സ് '-ന്റെ പ്രവർത്തനത്തിന് വേണ്ടി ബഡ്ജറ്റിൽ ടോക്കൺ ഗ്രാന്റായി ഒരു ലക്ഷം രൂപ മാത്രമാണ് ഈ വർഷമുള്ളതെന്നും മുൻ വർഷത്തെ മിച്ച തുക ഉപയോഗിച്ചാണ് നിലവിൽ പ്രവർത്തിച്ചു വരുന്നതെന്നും മുൻകാലങ്ങളിൽ സൗജന്യമായിരുന്ന ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയെല്ലാം ഇപ്പോൾ അടയ്ക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഫ്രണ്ട്സിന് സാമ്പത്തിക സഹായം അനിവാര്യമാണെന്നും ഐ.റ്റി. മിഷൻ ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെയും ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 7 മണി വരെയും 5 മണിക്കൂർ വീതമുള്ള രണ്ട് ഷിഫ്റ്റുകളിലായി ദിവസേന ആകെ 10 മണിക്കൂർ പ്രവർത്തിക്കുന്ന ഫ്രണ്ട്സിൽ ഇപ്പോൾ ജീവനക്കാരുടെ എണ്ണം മുൻപത്തേക്കാൾ കുറവാണെന്ന് സമിതി കണ്ടെത്തി. ഓരോ ബിൽ ശേഖരണത്തിന്മേലും വരുന്ന സർക്കാർ ചെലവ് താരതമ്യേന കുറയാൻ ഇത് ഒരു കാരണമായതായി സമിതി മനസ്സിലാക്കി.

ഫ്രണ്ട്സിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ എട്ടോളം വിജിലൻസ് കേസുകൾ ഉള്ളതായി സമിതി മനസ്സിലാക്കി. കോഴിക്കോട് കോർപ്പറേഷനിൽ രണ്ട് ലക്ഷം രൂപ നഷ്ടപ്പെട്ട ഒരു കേസും കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട് 'ഫ്രണ്ട്സ് ' വഴി ഓരോ ദിവസവും കളക്ട് ചെയ്യുന്ന ലക്ഷക്കണക്കിന് രൂപ യഥാസമയം കോർപ്പറേഷനിൽ അടയ്ക്കാൻ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട കേസുകളും നിലവിലുള്ളതായി ഐ.റ്റി. മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു. ഇത്തരം ഒറ്റപ്പെട്ട പരാതികളൊഴികെ വ്യാപകമായ അഴിമതിയൊന്നും ഫ്രണ്ട്സിന്റെ പ്രവർത്തനത്തിൽ ഇല്ലെന്ന് സമിതി വിലയിരുത്തി. ജില്ലാ കളക്ടർമാരുടെ നിരീക്ഷണത്തിൽ പ്രവർത്തിച്ചു വരുന്ന ഫ്രണ്ട്സ് കേന്ദ്രങ്ങളുടെ പ്രവർത്തനം തലസ്ഥാനത്ത് നിന്ന് നിരീക്ഷിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായും സമിതി മനസ്സിലാക്കി.

'ഫ്രണ്ട്സ് ' കേന്ദ്രങ്ങളിൽ ബി.എസ്.എൻ.എൽ.-ന്റെ ഫോൺ ബില്ലുകൾ മാത്രമേ സ്വീകരിക്കുകയുള്ളുവെന്നും മറ്റ് സ്വകാര്യ കമ്പനികളുടെ ഫോൺ ബില്ലുകൾ അടയ്ക്കാൻ സൗകര്യമില്ല എന്നതും ജീവനക്കാരുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആയതിനാൽ കേന്ദ്രങ്ങളുടെ പ്രവർത്തനം ഉദ്ദേശിക്കുന്ന തലത്തിലേക്ക് എത്തുന്നില്ല എന്നതും ഒരു പോരായ്മയായി പരാമർശിക്കപ്പെട്ടു.

പൂർണ്ണതോതിൽ സൗജന്യ സേവനം നടത്തുന്ന ഫ്രണ്ട്സിനെ റവന്യൂ വരുമാനമില്ലാതെ മെച്ചപ്പെടുത്താൻ സാധിക്കുകയില്ലെന്നും റവന്യൂ വരുമാനത്തിനായി പ്രൈവറ്റ് ബില്ലുകൾ സ്വീകരിക്കുന്നപക്ഷം, സർക്കാർ സ്ഥാപനത്തിൽ കമ്മീഷൻ അടിസ്ഥാനത്തിൽ പ്രൈവറ്റ് ബില്ലുകൾ സ്വീകരിക്കുന്നത് അഭികാമ്യമാകുമോ എന്ന വിഷയം ഉള്ളതായും ഐ.റ്റി. മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രൈവറ്റ് സ്ഥാപനങ്ങളുടെ ബില്ലുകൾ സ്വീകരിക്കുന്നത് പ്രായോഗികമല്ലെന്ന് സമിതി നിർദ്ദേശിച്ചു.

മോട്ടോർ വാഹന വകുപ്പ്, റവന്യൂ, യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്നമാണ് അന്യത്ര. സേവന വ്യവസ്ഥയിൽ ഫ്രണ്ട്സ് കേന്ദ്രങ്ങളിൽ ഉദ്യോഗസ്ഥർ എത്തിയിരുന്നതെന്നും നിലവിൽ യൂണിവേഴ്സിറ്റിയും മറ്റും ജീവനക്കാർക്ക് അന്യത്ര സേവനത്തിന് എൻ.ഒ.സി. നൽകാത്തതിനാൽ ഫ്രണ്ട്സിലെ ജീവനക്കാരുടെ എണ്ണം 159 ആയി കുറഞ്ഞിട്ടുള്ളതായി സമിതി മനസ്സിലാക്കി.

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ ലഭ്യമാക്കി വരുന്ന സേവനങ്ങൾ പലതും നിലവിൽ മറ്റ് മാർഗ്ഗങ്ങളിൽ ജനങ്ങൾക്ക് സുലഭമാണെന്നതിനാലും ആയവ തുടർന്നു പോകുന്നതിന്റെ ചെലവ് വർദ്ധിച്ചു വന്നിരിക്കുന്നതിനാലും അക്ഷയ കേന്ദ്രങ്ങളെ ശാക്തീകരിച്ചുകൊണ്ട് ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളെ ഘട്ടം ഘട്ടമായി നിർത്തലാക്കാൻ ശിപാർശ ചെയ്യുന്നതിന് പദ്ധതി പ്രവർത്തനം അവലോകനം ചെയ്ത് തീരുമാനമെടുക്കാവുന്നതാണെന്ന് സമിതി വ്യക്തമാക്കി.

തുടർന്ന് അക്ഷയ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഐ.റ്റി. മിഷൻ ഡയറക്ടർ വിശദീകരിച്ചു. നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ട് 2014 നവംബറിൽ 12 വർഷം പൂർത്തിയാകുന്നതായി അദ്ദേഹം പറഞ്ഞു. 2250 അക്ഷയ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നതായും 228 കേന്ദ്രങ്ങൾ കൂടി തുടങ്ങുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ വർഷാവസാനത്തോടെ അവയുടെ എണ്ണം ഏകദേശം 2500 ആക്കാനാവുമെന്ന് കരുതുന്നതായി അദ്ദേഹം സമിതിയെ അറിയിച്ചു. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഒരു പഞ്ചായത്തിൽ ഒരു അക്ഷയ കേന്ദ്രമെങ്കിലും സ്ഥാപിച്ചെടുക്കാൻ കേന്ദ്ര സർക്കാർ

ലക്ഷ്യമിടുകയാണ് എന്നിരിക്കെ കേരളത്തിൽ ഇതിനകം തന്നെ ഒരു പഞ്ചായത്തിൽ 3 അക്ഷയ കേന്ദ്രങ്ങളും ഒരു മുനിസിപ്പാലിറ്റിയിൽ 6 മുതൽ 8 വരെയും ഒരു കോർപ്പറേഷനിൽ 10 മുതൽ 12 വരെയും അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനാൽ പ്രസ്തുത പദ്ധതിയുടെ വിഷയത്തിൽ കേരളം രാജ്യത്തിന് തന്നെ മാതൃകയായിരിക്കുകയാണെന്ന് സമിതി വിലയിരുത്തി. ഇ-ഡിസ്ട്രിക്ട് പദ്ധതികളുള്ള ഏകദേശം 93 ലക്ഷം അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന സ്വീകരിച്ചതായും കഴിഞ്ഞ മാസത്തിൽ മാത്രം 6 ലക്ഷത്തോളം അപേക്ഷകൾ സ്വീകരിച്ചതായും സമിതി മനസ്സിലാക്കി. അക്ഷയ കേന്ദ്രങ്ങൾ മുഖേന മുൻവർഷം നടന്ന ആധാർ എൻറോൾമെന്റിൽ ഇന്ത്യയിൽ കേരളം 4-ാം സ്ഥാനം കൈവരിച്ചത് മികച്ച നേട്ടമായി സമിതി വിലയിരുത്തി.

ബയോമെട്രിക് കാർഡുകളുടെ ജോലികൾ അക്ഷയ കേന്ദ്രങ്ങൾ ഏറ്റെടുത്തതുപോലെ റേഷൻ കാർഡിന്റെ ഡിജിറ്റൈസേഷൻ ജോലികൾ അക്ഷയ കേന്ദ്രങ്ങളെ ഏല്പിക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞു.

ലോകബാങ്കിന്റെ സഹായത്തോടു കൂടിയുള്ള end to end computerisation project ഭക്ഷ്യ ഉപഭോക്തൃകാര്യ വകുപ്പ് ചെയ്യുന്നതായും അതിന്റെ അടിസ്ഥാനത്തിൽ ബയോമെട്രിക് കാർഡുകൾ നൽകുന്നതിനുള്ള കരാർ സി-ഡിറ്റിന് നൽകിയതിനൊപ്പം ഡാറ്റാ എൻട്രി ജോലികൾ അക്ഷയയ്ക്ക് നൽകിയതായി ഐ.റ്റി. മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു. കിയോസ്ക് ബാങ്കിംഗ് എന്ന നൂതന സംവിധാനത്തിന് സംസ്ഥാനത്തെ 1500 അക്ഷയ കേന്ദ്രങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളതായും 850 കേന്ദ്രങ്ങളിൽ ഇതിനകം കിയോസ്ക് ബാങ്കിംഗ് ആരംഭിച്ചതായും അദ്ദേഹം സമിതി മുമ്പാകെ ബോധിപ്പിച്ചു.

കിയോസ്ക് ബാങ്കിംഗിന്റെ പ്രവർത്തനം ഐ.റ്റി. മിഷൻ ഡയറക്ടർ വിശദീകരിച്ചു. അക്ഷയ കേന്ദ്രങ്ങളുടെ ഉദ്യമകർത്താക്കൾക്ക് തങ്ങളുടെ വാർഡിലെ പ്രധാനപ്പെട്ട ഏതെങ്കിലും ബാങ്കിന്റെ അനുമതി തേടി, അവരുടെ സൈറ്റ് തങ്ങളുടെ കംപ്യൂട്ടർ സിസ്റ്റത്തിൽ ഇൻസ്റ്റാൾ ചെയ്യാവുന്നതും വിരലടയാളം, ബയോമെട്രിക് സംവിധാനം, ആധാർ എന്നിവയുടെ സഹായത്തോടെ സീറോ ബാലൻസ് ബാങ്ക് അക്കൗണ്ടുകൾ തുറക്കാൻ ജനങ്ങൾക്ക് സൗകര്യം ഒരുക്കുകയും ചെയ്യുന്നതാണ് കിയോസ്ക് ബാങ്കിംഗ്. നിലവിൽ പണം നിക്ഷേപിക്കുകയും പിൻവലിക്കുകയും ചെയ്യുന്നതിനുള്ള സൗകര്യത്തിന് 700 അക്ഷയ കേന്ദ്രങ്ങളിലായി ആകെ മുപ്പതിനായിരത്തോളം ബാങ്ക് അക്കൗണ്ടുകൾ ഇതിനകം ആരംഭിച്ചതായും സമിതി മനസ്സിലാക്കി. പ്രധാനമന്ത്രിയുടെ പുതിയ 'ജൻ ധൻ യോജന' പദ്ധതി വരുന്നതിന്റെ ഭാഗമായി, കിയോസ്ക് ബാങ്കിംഗിൽ റെക്കറിംഗ് ഡെപ്പോസിറ്റുകൾ, സ്ഥിര നിക്ഷേപങ്ങൾ, കേന്ദ്ര സർക്കാരിന്റെ പുതിയ പെൻഷൻ പദ്ധതികളുമായി ബന്ധപ്പെട്ട പണമിടപാടുകൾ എന്നിവയെല്ലാം ഉൾപ്പെടുത്തുന്നതിനും

2014 നവംബർ 1-ന് ഓരോ കുടുംബത്തിനും ചുരുങ്ങിയത് ഒരു ബാങ്ക് അക്കൗണ്ട് എന്ന ലക്ഷ്യവും കേരളത്തിൽ 100% കിയോസ്ക് ബാങ്കിംഗ് സൗകര്യം എന്ന ലക്ഷ്യവും പൂർത്തീകരിക്കുവാൻ തയ്യാറെടുക്കുന്നതായി ഐ.റ്റി. മിഷൻ ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു. പോണ്ടിച്ചേരി, ഡാമൻ ആന്റ് ഡിയു എന്നീ കേന്ദ്രഭരണപ്രദേശങ്ങൾ ഉൾപ്പെടെ മിക്ക സംസ്ഥാനങ്ങളും 'ഒരു വീട്ടിൽ ചുരുങ്ങിയത് ഒരു ബാങ്ക് അക്കൗണ്ട്' പദ്ധതി നടപ്പാക്കാൻ തയ്യാറെടുത്തിട്ടുള്ളതായി സമിതി മനസ്സിലാക്കി. ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയുമായുള്ള കരാർ പ്രകാരം 'third party insurance' തുകകളും അക്ഷയ കേന്ദ്രങ്ങളിൽ സ്വീകരിച്ചു വരുന്നതായി ഐ.റ്റി. മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

പല ഗ്രാമപ്രദേശങ്ങളും ഇപ്പോഴും അക്ഷയ കേന്ദ്രങ്ങളുടെ സേവനം വേണ്ട വിധം പ്രയോജനപ്പെടുത്തി തുടങ്ങിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. അക്ഷയ കേന്ദ്രങ്ങളുടെ സേവനം ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തി കാണുന്നത് മലപ്പുറം ജില്ലയിലാണെന്നും മലപ്പുറം ജില്ലയിൽ മാത്രം ഏകദേശം 90000 സർട്ടിഫിക്കറ്റുകൾ നൽകിയതായും ഐ.റ്റി. മിഷൻ ഡയറക്ടർ വ്യക്തമാക്കി. സുതാര്യത ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഐ.റ്റി. മിഷന്റെ വെബ്സൈറ്റിൽ ഓരോ മാസവും ഇ-ഡിസ്ട്രിക്ട് റിപ്പോർട്ട് പ്രദർശിപ്പിച്ചു വരുന്നതായും അദ്ദേഹം സമിതിയെ അറിയിച്ചു.

അക്ഷയ കേന്ദ്രങ്ങളിലെ തിരക്കു കാരണം ജനങ്ങൾക്ക് യഥാസമയം സേവനം ലഭിക്കാതെ അവർ വില്ലേജ് ആഫീസുകളിലേക്ക് തന്നെ പോകേണ്ടി വരുന്ന സാഹചര്യങ്ങൾ ഉള്ളതായി സമിതി ചൂണ്ടിക്കാട്ടി. ചില പ്രദേശങ്ങൾ ഹൈറേഞ്ചിലാണെന്നതും മറ്റും ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാവുന്നതായും ഒരു വർക്ക്ഷോപ്പ് നടത്തി ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ചു വരുന്നതായും ഐ.റ്റി. മിഷൻ ഡയറക്ടർ സമിതി മുമ്പാകെ വ്യക്തമാക്കി. ഡാറ്റാ എൻട്രി ജോലികളിൽ ഏകദേശം 20 ശതമാനത്തോളം അക്ഷയ കേന്ദ്രങ്ങൾ ഏറ്റെടുത്ത് ചെയ്തു വരുന്നതായി അദ്ദേഹം പറഞ്ഞു. 2014 മേയ് മാസം നടന്ന പൊതുതെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ ഏകദേശം 150 പോളിംഗ് ബൂത്തുകളിലേയും സംസ്ഥാനത്തെ തന്നെ ഏകദേശം 300 ബൂത്തുകളിലേയും തെരഞ്ഞെടുപ്പ് വിശേഷങ്ങളുടെ തൽസമയ സംപ്രേഷണം അക്ഷയ കേന്ദ്രങ്ങൾ ഏറ്റെടുത്ത് നടത്തിയത് പരക്കെ സ്വാഗതം ചെയ്യപ്പെട്ടതായും തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രത്യേകം അഭിനന്ദിച്ചതായും ഐ.റ്റി. മിഷൻ ഡയറക്ടർ അറിയിച്ചു.

അക്ഷയ കേന്ദ്രങ്ങൾ മുഖേനയുള്ള പ്രവർത്തനങ്ങൾ നൂതന സംരംഭങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഫുഡ് ആന്റ് സേഫ്റ്റി രജിസ്ട്രേഷൻ തുടങ്ങുന്നതിനായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ അംഗീകാരം തേടിയിട്ടുള്ളതായും വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന സാധാരണക്കാരോട് ഇടപെടുന്ന രീതികൾ, ബിസിനസ്

സംരംഭങ്ങൾ മെച്ചപ്പെടുത്താനുതകുന്ന സാധ്യതകൾ എന്നിവയെല്ലാം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അക്ഷയ കേന്ദ്രങ്ങളുടെ ഉദ്യമകർത്താക്കൾക്ക് നൽകുന്നതിന് പുതിയ പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതായും ഐ.റ്റി. മിഷൻ ഡയറക്ടർ എടുത്തു പറഞ്ഞു. 5 തരത്തിൽ നടപ്പിലാക്കുന്ന പരിശീലന പരിപാടിയിൽ, 'കസ്റ്റമർ സെന്റർ ഡെലിവറി' എങ്ങനെ ചെയ്യാമെന്നുള്ളത് സംബന്ധിച്ച പരിപാടിയാണ് ആദ്യമായി നടത്താൻ ഉദ്ദേശിക്കുന്നതെന്നും 2011-2012-ൽ ഏകദേശം 3.13 കോടി രൂപയും 2012-2013, 2013-2014 എന്നീ വർഷങ്ങളിലായി ഏകദേശം 5.7 കോടി രൂപയും ചെലവായതായും അദ്ദേഹം സമിതിയെ അറിയിച്ചു

റസിഡൻസ് സർട്ടിഫിക്കറ്റ്, കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള സേവനങ്ങൾ, പ്രവാസി ക്ഷേമനിധി രജിസ്ട്രേഷൻ എന്നിവയെല്ലാം അക്ഷയ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ ശ്രമിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തൻവർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന സേവനങ്ങളെ കുറിച്ച് സമിതി ആരാഞ്ഞു. Food Establishment Licensing & Registration, പോലീസ് വകുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ സ്വീകരിക്കുന്നത്, വാട്ടർ അതോറിറ്റിയിലെ പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷ സ്വീകരിക്കുന്നത് തുടങ്ങി നിരവധി പുതിയ സംരംഭങ്ങൾക്ക് ശ്രമിച്ചു വരുന്നതായി ഐ.റ്റി. മിഷൻ ഡയറക്ടർ ബോധിപ്പിച്ചു. ട്രാഫിക് സിഗ്നൽ വയലേഷനും മറ്റും പിഴ അടയ്ക്കുന്നതിന് ഓരോ മാസവും രണ്ട് ലക്ഷത്തോളം ചലാൻ പോലീസ് വകുപ്പ് നൽകി വരുന്നത്, online chalan ആക്കുന്നതോടെ ഓൺലൈനായോ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ അടയ്ക്കാനാവുമെന്ന് അദ്ദേഹം പറഞ്ഞു.

അക്ഷയ സർവ്വീസിനെ സിംഗിൾ പോർട്ടലിൽ കൊണ്ടുവരുന്നതിന്റെ സാധ്യതയെക്കുറിച്ച് സമിതി ആരാഞ്ഞു. ഇ-ഡിസ്ട്രിക്ടിന് ഒരു ഡിസ്ട്രിക്ട് പോർട്ടലുള്ളതായും വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, ബി.എസ്.എൻ.എൽ. എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഫ്രീ പോർട്ടലിലാണ് ചെയ്തു വരുന്നതെന്നും അക്ഷയ സംരംഭകർക്കുള്ള പ്രസ്തുത പോർട്ടലിൽ ലോഗ് ഇൻ ചെയ്ത് പ്രവർത്തിക്കാവുന്നതാണെന്നും അക്ഷയയുടെ സെലക്ഷൻ പ്രോസസ് കഴിയുമ്പോൾ ജില്ലാ കളക്ടർ എല്ലാ സെലക്ഷൻ വർക്കുകൾക്കും അംഗീകാരം നൽകി, ഐ.റ്റി. മിഷൻ അക്ഷയ പ്രോജക്ടിന് ഒരു ഐ.ഡി. നൽകുകയും ചെയ്യുമെന്നും അതുവഴി ലോഗ് ഇൻ ചെയ്ത് എല്ലാ പ്രവർത്തനങ്ങളും നടത്താവുന്നതാണെന്നും ഐ.റ്റി. മിഷൻ ഡയറക്ടർ വിശദീകരിച്ചു. പൗരന്മാർക്കായി ഐ.റ്റി. മിഷൻ e.services.kerala.gov.in എന്നൊരു പ്രത്യേക പോർട്ടൽ ചെയ്യുന്നതായും അദ്ദേഹം അറിയിച്ചു.

അക്ഷയ കേന്ദ്രങ്ങളുടെ സേവനംവഴി ഓരോ കുടുംബത്തിനും ബാങ്ക് അക്കൗണ്ട് ഉണ്ടാക്കുക, ജനങ്ങളെ ഇൻഷ്വർ ചെയ്യുക തുടങ്ങി വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്നത് ശ്ലാഘനീയമായി സമിതി വിലയിരുത്തി. വരുംതലമുറക്കാർ വിദ്യാസമ്പന്നരാണെന്ന തിനാൽ കേരളത്തിൽ വേഗത്തിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്നും സമിതി പ്രത്യാശ പ്രകടിപ്പിച്ചു.

കേരളത്തിലെ എല്ലാ അക്ഷയ കേന്ദ്രങ്ങളിലെയും ജീവനക്കാർക്ക് മാന്യമായ രീതിയിലുള്ള ഒരു യൂണിഫോം നൽകുകവഴി അവരെ പെട്ടെന്ന് തിരിച്ചറിയുവാനും പ്രത്യേകമായി നിലനിർത്തുന്നതിനും കഴിയുമെന്നതിനാൽ അത്തരമൊരു യൂണിഫോം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

അക്ഷയ കേന്ദ്രങ്ങളുടെ വരുമാനം സംബന്ധിച്ച് സമിതി ആരാഞ്ഞു. തിരുവനന്തപുരം, കൊല്ലം, മലപ്പുറം തുടങ്ങിയ ജില്ലകളിൽ അക്ഷയ കേന്ദ്രങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതായും ഇടുക്കി, കോഴിക്കോട് തുടങ്ങി ചിലയിടങ്ങളിലെ പ്രവർത്തനം അത്ര തൃപ്തികരമല്ലെന്നും ഒരു ഉദ്യമകർത്താവിന് ശരാശരി 9,000 രൂപ മുതൽ 10,000 രൂപ വരെ വരുമാനം ലഭിക്കുന്നതായും സമിതി മനസ്സിലാക്കി. അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനവും അവിടത്തെ വരുമാനവും ഉദ്യമകർത്താക്കളുടെ മികവിനെ കൂടി ആശ്രയിച്ചിരിക്കുമെന്ന് സമിതി വിലയിരുത്തി.

കേരളത്തിൽ മിക്കവീടുകളിലും ഇപ്പോൾ കംപ്യൂട്ടർ ഉള്ള സാഹചര്യത്തിൽ കംപ്യൂട്ടർ സർവ്വീസിംഗും ട്രെയിനിംഗും അക്ഷയ കേന്ദ്രങ്ങൾ മുഖേന ചെയ്തു വരുന്നതായി ഐ.റ്റി. മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു. ബേസിക് ഹാർഡ് വെയറിൽ വയറിംഗ്, ഹാർഡ് ഡിസ്ക് ഫിക്സ് ചെയ്യുന്നത്, വിൻഡോസ് ഇൻസ്റ്റാൾ ചെയ്യുന്നത്, അൺ ഇൻസ്റ്റാൾ ചെയ്യുന്നത്, ഡാറ്റാ റിക്കവറി, ഇന്റർനെറ്റുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ചെയ്തു നൽകുന്നത് എന്നിങ്ങനെയുള്ള വിവിധ സഹായങ്ങൾക്ക് 50 മുതൽ 100 രൂപ വരെ ചാർജ് ഈടാക്കാറുണ്ടെന്നും കൂടാതെ ബേസിക് ഐ.റ്റി. ട്രെയിനിംഗ് നൽകുന്നതിനും ഇന്റർനെറ്റ് ഉപയോഗിക്കാൻ പഠിപ്പിക്കുന്നതിനും മറ്റും 300 മുതൽ 400 രൂപ വരെ ഫീസ് ഈടാക്കാറുണ്ടെന്നും ഇവയ്ക്ക് സമ്മതം വാങ്ങേണ്ടതില്ലെന്നും ഐ.റ്റി. മിഷൻ ഡയറക്ടർ വ്യക്തമാക്കി. തിരുവനന്തപുരത്തും കൊല്ലത്തും കെൽട്രോണിനോട് ചേർന്ന് ഡി.സി.പി. സർട്ടിഫിക്കറ്റ് നൽകുന്ന കോഴ്സ് പത്ത് അക്ഷയ സംരംഭകർ മുഖേന നടത്തി വരുന്നതായും പദ്ധതിയുടെ വിജയത്തിന് അനുസൃതമായി മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതാണെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

കേരളത്തിൽ ആദ്യമായി അക്ഷയ പദ്ധതി മലപ്പുറത്ത് ആരംഭിച്ചതും പദ്ധതിയുടെ പ്രവർത്തനത്തിന് അന്താരാഷ്ട്ര തലത്തിൽ അംഗീകാരം ലഭിച്ചതും സമിതി എടുത്തു പറഞ്ഞു. ഇന്ത്യയിൽ മാത്രമല്ല, വികസിത, വികസ്വര രാജ്യങ്ങളിൽ തന്നെ വലിയ ഒരു

പദ്ധതിയായി കാണുന്ന 'അക്ഷയ' കേരളത്തിൽ 12-ാം വാർഷികം ആഘോഷിക്കാനിരിക്കെ, അക്ഷയ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അന്തർദേശീയ തലത്തിലുള്ള ഉദ്യോഗസ്ഥരെ പരിപാടികളിൽ ഉൾപ്പെടുത്തണമെന്നും വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട സിംപോസിയം നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഉച്ചയ്ക്കുശേഷം 3.45-ന് സമിതി യോഗം പിരിഞ്ഞു.

## 12-11-2014-ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2014 നവംബർ മാസം 12-ാം തീയതി ബുധനാഴ്ച, ഉച്ചയ്ക്കുശേഷം 3.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5 ഡി സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, എം.എൽ.എ.
2. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, എം.എൽ.എ.
3. ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. വി. ശശി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. സത്യജിത് രാജൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. പി. എം. ഫ്രാൻസിസ്, ഡയറക്ടർ, വ്യവസായ വകുപ്പ്
3. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. ഡി. പി. ശ്രീകുമാർ, ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി
5. ശ്രീ. കെ. വേണുഗോപാൽ, എം. ഡി., കെംഡെൽ
6. ശ്രീ. എം. കെ. ശശികുമാർ, എം.ഡി., സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്
7. ശ്രീ. അഭിഷേക്, സി., എം.ഡി., കാഡ്കോ

8. ശ്രീ. എ. ഔബിദ്, എം.ഡി., സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്

9. ശ്രീ. രാജേഷ്, ആർ., എം.ഡി., ആട്ടോകാസ്റ്റ് ലിമിറ്റഡ്.

കേരള ജിയോളജി സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2014 ന്റെ കരട്, കേരള മൈനർ മിനറൽ കൺസഷൻ (അമെന്റ്മെന്റ്) റൂൾസ്, 2014-മായി ബന്ധപ്പെട്ട എസ്.ആർ.ഒ. 191/2014, 217/2014, 393/2014 എന്നിവയും 2013-2014, 2012-2013 എന്നീ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് വിഷയനിർണ്ണയ സമിതി IV-ന്റെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ എന്നിവയും പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ചറിംഗ് സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ എന്നിവയും സമിതി യോഗത്തിൽ പരിഗണനയ്ക്കെടുത്തു.

(1) <u>കേരള ജിയോളജി സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2014—കരട് ചട്ടങ്ങൾ</u>

(ഫയൽ നമ്പർ 3457/സബ്.സി.ബി2/2014/നി.സെ.)

വിഷയനിർണ്ണയ സമിതി IV-ന്റെ അംഗീകാരത്തിനായി സമർപ്പിച്ച കേരള ജിയോളജി സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ജൂനിയർ ആഡിറ്റർ, സീനിയർ ആഡിറ്റർ എന്നീ തസ്തികകൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള ഭേദഗതി അടങ്ങുന്ന നിർദ്ദേശത്തിന് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു. പ്രസ്തുത ഭേദഗതിയിൽ സീനിയർ ഓഡിറ്റർ തസ്തികയുടെ രണ്ടാമത്തെ യോഗ്യതയായ "3 years experience in any post in the Ministerial Subordinate Service" എന്നതിനോടൊപ്പം "and an approved probationer in the cadre of Junior Auditor" എന്നു കൂടി ചേർക്കുന്നതിന് പി.എസ്.സി. ആണ് നിർദ്ദേശിച്ചതെന്ന് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പ്രസ്തുത ചട്ടങ്ങൾ സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു

(2) <u>കേരള മൈനർ മിനറൽ കൺസഷൻ (അമെന്റ്മെന്റ്) റൂൾസ്, 2014 (എസ്.ആർ.ഒ. നമ്പർ 393/2014)</u>

(ഫയൽ നമ്പർ 4890/സബ്.സി.ബി2/2013/നി.സെ.)

1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ 17-11-2012-ലെ ജി.ഒ. (പി) 138/12/ഐ.ഡി. നമ്പർ വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 798/2012) പ്രകാരം വരുത്തിയ ഭേദഗതി പരിഗണിച്ച വേളയിൽ പ്രസ്തുത ഭേദഗതി മണ്ണിന്റെ ഖനനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഒരു ശാശ്വത പരിഹാരം കാണാൻ

സഹായകരമല്ലെന്നും കൂടുതൽ റോയൽറ്റി ഈടാക്കിക്കൊണ്ട് ആവശ്യാനുസരണം മണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി നൽകുന്നതിനോട് യോജിക്കാനാകില്ലെന്നും സമിതി വ്യക്തമാക്കുകയും മണ്ണ് എന്നതിനെ ഒരു ചെറുകിട ധാതുവായി ഉൾപ്പെടുത്തുന്നതിനെ അംഗീകരിക്കാതെ, ഗാർഹികാവശ്യങ്ങൾക്ക് സാധാരണ മണ്ണ് ഖനനം ചെയ്യുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതരത്തിൽ ചട്ടം ഭേദഗതി ചെയ്യണമെന്ന സമിതിയുടെ ശിപാർശകൾക്കനുസൃതമായുള്ള ഭേദഗതികളാണ് 30-6-2014-ലെ എസ്.ആർ.ഒ. 393/2014 മുഖേന സമർപ്പിച്ചിരിക്കുന്നതെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു. സാധാരണ മണ്ണ് ലഭിക്കുന്നതിന് ജില്ലാ കളക്ടറുടെ എൻ.ഒ.സി. നിർബന്ധമായപ്പോൾ വീട് നിർമ്മാണ വേളയിൽ സാധാരണക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യം ഉണ്ടായതിനാൽ മുഖ്യമന്ത്രിയുടെ ആഭിമുഖ്യത്തിൽ ചേർന്ന യോഗത്തിൽ സാധാരണ മണ്ണിനെ പെർമിറ്റിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതായും, നിലവിൽ പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കിക്കൊണ്ട് സാധാരണക്കാർക്ക് വീട് നിർമ്മാണത്തിന് മണ്ണ് എടുക്കാവുന്നതാണെന്നും എന്നാൽ മണ്ണ് പുറത്തേക്ക് കൊണ്ടുപോകണമെങ്കിൽ അതിനുള്ള റോയൽറ്റി ഒടുക്കേണ്ടതും ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദിഷ്ട ഫോറം നൽകേണ്ടതും ആണെന്ന് അദ്ദേഹം വ്യക്തമാക്കി.

മണ്ണിന് റോയൽറ്റി ഈടാക്കുന്നതിനുള്ള തീരുമാനം നേരത്തെ എടുത്തിട്ടുള്ളതാണോ എന്ന് സമിതി ആരാഞ്ഞു. രണ്ടായിരമാണ്ടിൽ കേന്ദ്ര സർക്കാർ സാധാരണ മണ്ണിനെ മൈനർ മിനറലായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ മൈനർ മിനറലിന് റോയൽറ്റി ഈടാക്കാവുന്നതാണെന്നതിനാൽ സാധാരണ മണ്ണിനും റോയൽറ്റി ഈടാക്കുന്നതിന് തീരുമാനമെടുത്തിരുന്നതായും മണ്ണ് കൊണ്ടുപോകുന്നതിന് ഒരു രേഖ ആവശ്യമാണെന്ന തിനാൽ ഒരു ടൺ മണ്ണിന് 20 രൂപ നിരക്കിൽ റോയൽറ്റി നിജപ്പെടുത്തിയിരുന്നതായും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

SRO നമ്പർ 353/2014 പ്രകാരം സ്വന്തം വീട് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മണ്ണിന് റോയൽറ്റി ഈടാക്കുന്നത് ഒഴിവാക്കുന്നുണ്ടെങ്കിലും ഒരു പറമ്പിൽ നിന്ന് മറ്റൊരു പറമ്പിലേക്ക് മണ്ണ് കൊണ്ടു പോകുന്നതിന് റോയൽറ്റി നല്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ധാരാളം പരാതികൾ ഉണ്ടാകുന്നുണ്ടെന്നും റോയൽറ്റി ഈടാക്കുന്നതു സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിലും പിന്നെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും ചർച്ച ചെയ്യപ്പെട്ടതായി സമിതി മനസ്സിലാക്കി.

നിലവിലെ ചട്ടപ്രകാരം 300 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണങ്ങളെ റോയൽറ്റിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നുണ്ടെങ്കിലും ട്രാൻസ്പോർട്ട് ചെയ്യപ്പെടുന്ന മണ്ണിന് റോയൽറ്റി നല്കണമെന്നുള്ളതിനാൽ ആയത് ഒഴിവാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

കേന്ദ്ര സർക്കാർ മണ്ണിനെ ചെറുകിട ധാതുക്കളുടെ ഗണത്തിൽ ഉൾപ്പെടുത്തി മണ്ണിന്റെ സഞ്ചലനത്തിന് പെർമിറ്റ് ഏർപ്പെടുത്തിയത് കേരളത്തിൽ ഏറെ പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നതായി സമിതി വിലയിരുത്തി.

കണ്ണൂരിൽ കോൺകോർഡ് എന്ന സ്വകാര്യ കോളേജ് സ്ഥാപിക്കുന്നതിനുള്ള 5 ഏക്കർ സ്ഥലത്തെ മണ്ണ് നീക്കം ചെയ്യുമ്പോൾ, ഓവർസീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണ്ണെടുക്കുന്നത് നിർത്തിവയ്ക്കണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടതായും മാസങ്ങളായി ഇതിന്മേൽ തീരുമാനമാകാതെ മണ്ണ് നീക്കം ചെയ്യുന്ന പ്രക്രിയ തടസ്സപ്പെട്ടിരിക്കുന്നതായി സമിതി മനസ്സിലാക്കി.

സാധാരണ മണ്ണിനെ ചെറുകിട ധാതുവായി പ്രഖ്യാപിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷനെതിരെ പലരും ഹൈക്കോടതിയെ സമീപിച്ചെങ്കിലും സാധാരണ മണ്ണിനെ ചെറുകിട ധാതുക്കളുടെ ഗണത്തിൽ നിർബന്ധമായും ഉൾപ്പെടുത്തണമെന്നതായിരുന്നു ഹൈക്കോടതി നിർദ്ദേശമെന്നും അതേത്തുടർന്ന് സംസ്ഥാന സർക്കാർ അപ്രകാരം വിജ്ഞാപനം ചെയ്യുകയാണുണ്ടായതെന്നും ചെറിയ ഒരു വീട് നിർമ്മിക്കുന്നതിന് പോലും അവിടെ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിന് കളക്ടറുടെ അനുമതി തേടേണ്ടി വരുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ചെറിയ അളവിൽ മണ്ണ് നീക്കം ചെയ്യുന്നതിന്, അളവനുസരിച്ച് യഥാക്രമം പഞ്ചായത്ത് സെക്രട്ടറി, തഹസിൽദാർ, ആർ.ഡി.ഒ., ജില്ലാ കളക്ടർ എന്ന ക്രമത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അധികാരപ്പെടുത്തിയെങ്കിലും ഹൈക്കോടതിയിൽ വീണ്ടും കേസുകൾ വന്നതോടെ കളക്ടർക്ക് കൊടുത്തിട്ടുള്ള അധികാരം ഒരു കാരണവശാലും താഴെത്തട്ടിലേക്ക് ഏല്പിക്കാൻ പാടുള്ളതല്ലെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കോടതിയിൽ എതിർസത്യവാങ്മൂലം നൽകിയതിന് പിന്നാലെ പ്രസ്തുത വിഷയത്തിൽ സർക്കാരിന് തീരുമാനമെടുക്കാവുന്നതാണെന്ന് കോടതി വ്യക്തമാക്കിയതായും വ്യവസായ വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു. പ്രസ്തുത ഉത്തരവ് ആയിട്ടുള്ളതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. മണ്ണെടുക്കുന്നതിന് അനുമതി നൽകാനുള്ള അധികാരം പഞ്ചായത്ത് സെക്രട്ടറിക്കോ വില്ലേജ് ഓഫീസർക്കോ നൽകുന്നപക്ഷം ചെറിയ അളവിൽ മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ താഴെ തട്ടിൽ തന്നെ കൈകാര്യം ചെയ്യാനാവുമെന്നും വ്യവസായ വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ഗാർഹികാവശ്യങ്ങൾക്കൊഴികെ വാണിജ്യാവശ്യങ്ങൾക്കോ മറ്റ് ഏത് ആവശ്യങ്ങൾക്കുമുള്ള കെട്ടിടനിർമ്മാണത്തിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി കൂടിയേ തീരൂ എന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

'Residential buildings including flats' എന്ന എസ്.ആർ.ഒ.യിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചും എട്ടും ഏക്കറുകളിലും മറ്റും സ്ഥിതി ചെയ്യുന്ന ഫ്ലാറ്റുകൾക്ക് അനുമതി തേടേണ്ടതില്ലെങ്കിൽ കോളേജ് പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിടനിർമ്മാണത്തിന് അനുമതി തേടേണ്ടതിന്റെ അനൗചിത്യം സമിതി ചൂണ്ടിക്കാട്ടി.

പൊതുമരാമത്തുമായി ബന്ധപ്പെട്ട റോഡുകൾ, റെയിൽവെ, കെട്ടിടങ്ങൾ എന്നിവയെ കൂടി നിർമ്മാണ വേളയിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി തേടുന്നതിൽ നിന്നും ഒഴിവാക്കുന്ന തരത്തിൽ പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനായുള്ള ചർച്ചകൾ മന്ത്രിസഭാതലത്തിൽ നടന്നുവരുന്ന സാഹചര്യത്തിൽ വകുപ്പുതലങ്ങളിൽ തീരുമാനങ്ങൾ ഉണ്ടായതിനുശേഷം പ്രസ്തുത വിഷയം പരിശോധിക്കുന്നതാവും ഉചിതമെന്ന് സമിതി നിരീക്ഷിച്ചു. ഒരു വീട് നിർമ്മിക്കുകയാണെങ്കിൽ, ഉടമസ്ഥൻ ആ വിവരം രേഖാമൂലം ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് സമർപ്പിച്ചാൽ മതിയാവുന്നതും കുന്ന് ഇടിക്കുന്നതിനും അതുപോലുള്ള വലിയ പ്രവൃത്തികൾക്കും മറ്റും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതിയും വലിയ കെട്ടിടനിർമ്മാണത്തിനും വലിയ റോഡ് നിർമ്മാണത്തിനും ആവശ്യമായ മണ്ണിനായി കുന്ന് ഇടിക്കുന്നത് പോലുള്ള പ്രവൃത്തികൾക്ക് പാരിസ്ഥിതികാനുമതി തേടേണ്ടത് അനിവാര്യമാണെന്നും വിശദീകരിക്കപ്പെട്ടു. മണ്ണിന്റെ സഞ്ചലനവും ഉൾപ്പെടുത്തേണ്ടതാണെന്ന് തീരുമാനിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കി.

ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതിയും ഇതിനാവശ്യമായ മണ്ണ് മറ്റു സ്ഥലങ്ങളിൽ നിന്നും എത്തിക്കുന്നതിന് പാരിസ്ഥിതികാനുമതിയും തേടേണ്ടതുണ്ടോ എന്ന് സമിതി ആരാഞ്ഞു. സാങ്കേതികമായി ഇത്തരം സന്ദർഭങ്ങളിൽ അനുമതി വേണ്ടതാണെങ്കിലും റോഡ് നിർമ്മാണത്തിന് ഇത് നിർബന്ധമാക്കാറില്ലെന്ന് വ്യവസായ വകുപ്പ് ഡയറക്ടർ മറുപടി നൽകി.

കേരള മൈനർ മിനറൽ കൺസഷൻ (അമെന്റ്മെന്റ്) റൂൾസ്, 2014 (എസ്.ആർ.ഒ. നമ്പർ 393/2014)-ൽ ചില അവ്യക്തതയും അപ്രായോഗികതയും ഉള്ളതിനാൽ സാധൂകരിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

(3) <u>കേരള മൈനർ മിനറൽ കൺസഷൻ (അമെന്റ്മെന്റ്) റൂൾസ്, 2014 (എസ്.ആർ.ഒ. നമ്പർ 191/2014)</u>

(ഫയൽ നമ്പർ 3484/സബ്.സി.ബി2/2014/നി.സെ.)

പ്രസ്തുത എസ്.ആർ.ഒ. പ്രകാരമുള്ള രണ്ട് ഭേദഗതികൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ വിശദീകരിച്ചു. ഒന്നാമത്തെ ഭേദഗതിയിൽ സാധാരണ മണ്ണ് ഖനനം

ചെയ്യുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടറിൽ നിന്നും തഹസിൽദാർക്ക് മാറ്റി നൽകുന്നതായും രണ്ടാമത്തെ ഭേദഗതിയിൽ കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഉൾപ്പെടെയുള്ള ഭൂമിയിൽ നിന്നും ഖനനം ചെയ്യുന്ന ചെറുകിട ധാതുക്കൾക്ക് ഖനനത്തിനുള്ള അനുമതി/ലീസ് എടുക്കുന്നതിൽ നിന്നും റോയൽറ്റി ഒടുക്കുന്നതിൽ നിന്നും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഒഴിവാക്കിയതായും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

മുൻകാലങ്ങളിൽ സർക്കാരാവശ്യങ്ങൾക്കായി സർക്കാർ ഭൂമി ഉപയോഗിക്കുന്നതിന് അനുമതിയുടെയോ റോയൽറ്റിയുടെയോ ആവശ്യമില്ലായിരുന്നെന്നും കൊച്ചി മെട്രോ റെയിലിന്റെ പ്രശ്നം വന്നപ്പോഴാണ് പ്രസ്തുത ഉത്തരവ് ഇറങ്ങിയതെന്നും കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനായതിനാലാണ് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന് അനുമതി നൽകിയിരിക്കുന്നതെന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

തുടർന്ന്, കേരള മൈനർ മിനറൽ കൺസഷൻ (അമെന്റ്മെന്റ്) റൂൾസ്, 2014 (എസ്.ആർ.ഒ. 191/2014)-ന് സമിതി ഭേദഗതി കൂടാതെ സാധൂകരണം നൽകി.

(4) <u>കേരള മൈനർ മിനറൽ കൺസഷൻ (അമെന്റ്മെന്റ്) റൂൾസ്, 2014 (എസ്.ആർ.ഒ. 217/2014)</u>

(ഫയൽ നമ്പർ 3467/സബ്.സി.ബി2/2014/നി.സെ.)

റൂൾ പ്രകാരം ആറ് മീറ്ററിൽ കൂടുതൽ ഖനനം ചെയ്യുന്ന സാഹചര്യങ്ങളിൽ വശങ്ങൾ ഇടിഞ്ഞു വീഴുന്ന സാഹചര്യം ഒഴിവാക്കുന്നതിന് തട്ടുകളാക്കിയും ആവശ്യമായ ചരിവ് നല്കിയും സംരക്ഷിക്കണമെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഖനനത്തിന് പെർമിറ്റ് ഉള്ള വ്യക്തി ഖനനം ചെയ്തു നീക്കുന്ന മണ്ണിന്റെ അളവ് മൈൻസ് സേഫ്റ്റി ഡയറക്ടറേറ്റിനെ അറിയിക്കണമെന്ന നിബന്ധന ക്വാറീയിംഗ് ലീസിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

ക്വാറിയുടെ പരമാവധി ആഴം തറനിരപ്പിൽ നിന്നും ആറ് മീറ്റർ ആയിരിക്കണമെന്ന വ്യവസ്ഥ എടുത്തു മാറ്റിയതിൽപ്പിന്നെ, നിലവിൽ എത്ര ആഴം വരെ ഖനനം ചെയ്യുന്നതിന് അനുവാദമുണ്ടെന്ന് സമിതി ആരാഞ്ഞു. വശങ്ങൾക്ക് ആവശ്യമായ സംരക്ഷണം നൽകി മൈനിംഗ് പ്ലാൻ പ്രകാരം എത്ര ആഴം വരെ വേണമെങ്കിലും ഖനനം ചെയ്യാവുന്നതാണെന്നും ഖനനം നടക്കുന്ന മേഖലയനുസരിച്ച് ഖനനം ചെയ്യാൻ അനുവദിക്കുന്ന ആഴം വ്യത്യസ്തമായിരിക്കുമെന്നും വാസസ്ഥലങ്ങളുടെ പരിധിയിൽ

സ്ഥലമുടമയുടെ അനുമതി ഉള്ളപക്ഷം 50 മീറ്റർ മാറിയേ ഖനനം ചെയ്യാവൂ എന്ന നിബന്ധന പാലിക്കേണ്ടതില്ല എന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. കേരള മൈനർ മിനറൽ കൺസഷൻ (അമെന്റ്മെന്റ്) റൂൾസ്, 2014 (എസ്.ആർ.ഒ. 217/2014)-ന് സമിതി ഭേദഗതി കൂടാതെ സാധൂകരണം നൽകി.

(5) <u>2013-2014 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 2798/സബ്.സി.ബി2/2013/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക 1, 2, 3, 4, 26, 27, 28, 29, 49, 63, 65, 66 എന്നിവയിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

ബീഡി വ്യവസായം പ്രോത്സാഹിപ്പിക്കാത്ത സാഹചര്യത്തിൽ, ബീഡി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ മറ്റ് തൊഴിൽ മേഖലയിലേക്ക് മാറ്റുന്നതിനുവേണ്ടി ആവശ്യപ്പെട്ട അഞ്ചുലക്ഷം രൂപ അനുവദിച്ചിട്ടില്ലെന്നും കാസറഗോഡ് ജില്ലയിലാണ് അത്തരത്തിലുള്ള തൊഴിലാളികൾ കൂടുതലുള്ളതെന്നും സമിതി മനസ്സിലാക്കി. പ്രസ്തുത തുക ദിനേശ് ബീഡി തൊഴിലാളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒഴികെയുള്ള തൊഴിലാളികൾക്കുവേണ്ടിയുള്ളതാണെന്നും ദിനേശ് ബീഡി തൊഴിലാളികൾക്കുവേണ്ടി പ്രത്യേകമായി രണ്ടു കോടി രൂപ അനുവദിച്ചിരുന്നതായും വ്യവസായ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. രണ്ടു കോടി രൂപ അനുവദിച്ചതിനോടൊപ്പം ആശ്വാസ പെൻഷൻ നൽകുന്നതിന് ഒരു പദ്ധതി തയ്യാറാക്കിയിരുന്നതായി സമിതി മനസ്സിലാക്കി. 45-55 വയസ്സിനിടയിൽ പിരിഞ്ഞു പോകുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനുള്ള തുക അനുവദിക്കുന്ന കാര്യം പരിശോധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന് ആദ്യം 8 കോടി രൂപയും പിന്നീട് 4 കോടി രൂപയും ചേർത്ത് 12 കോടി രൂപ അനുവദിച്ചതായും 4 കോടി രൂപ ഉപയോഗിച്ച് ഹാമർ സ്ഥാപിച്ചത് പ്രവർത്തിക്കുന്നതായും മാനേജിംഗ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് അനുവദിച്ച 4 കോടി രൂപയിൽ 19.93 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു എന്ന് സമിതി നിരീക്ഷിച്ചു. മലിനീകരണ പ്രശ്നങ്ങൾ ഉന്നയിച്ചുള്ള ജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് കണ്ണൂർ അഴീക്കൽ യൂണിറ്റിന്റെ പ്രവർത്തനം ഏതാണ്ട് ഒരു വർഷമായി മന്ദഗതിയിലായിരുന്നെന്നും, പാരിസ്ഥിതികാനുമതി ലഭ്യമായതിനാൽ ഒരാഴ്ച്ചകം പ്രവർത്തനം പുനരാരംഭിക്കുമെന്നും സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

സൗകര്യങ്ങൾ വളരെ കുറവായ പ്രസ്തുത യൂണിറ്റിൽ ഒന്നര കോടി രൂപ ചെലവിൽ ഷിപ്പ് ബ്രേക്കിംഗിനുവേണ്ടി ഒരു കെട്ടിടം, രണ്ട് സ്ലിപ്-വേ, വെസൽ ബിൽഡ് ചെയ്യുന്നതിന് ഒരു ജെട്ടി എന്നിവ നിർമ്മിക്കുന്നതിനും വെസൽസ് വലിച്ചു കയറ്റുന്നതിന് നിലവിൽ ഉപയോഗിച്ചുവരുന്ന തടികൊണ്ടു നിർമ്മിച്ച പ്ലാറ്റ്ഫോമിന് പകരം റെയിൽ നിർമ്മിച്ച് ഉപയോഗപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നതായി അദ്ദേഹം വ്യക്തമാക്കി.

ആട്ടോകാസ്റ്റ് ലിമിറ്റഡിന് 2013-2014-ൽ 6.89 കോടി രൂപ ലഭിച്ചതായും 246 ലക്ഷം രൂപ പ്രവർത്തനമൂലധനമാണെന്നും, 161 ലക്ഷം രൂപ എച്ച്.പി. ലൈനിന്റെ പണിക്കായി ഉപയോഗിക്കുകയുണ്ടായെന്നും ആട്ടോകാസ്റ്റ് മാനേജിംഗ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു. യന്ത്രങ്ങൾ സ്ഥാപിക്കാനുള്ള ടീം എത്തുന്നതിനുള്ള കാലതാമസം നിമിത്തം 59 ലക്ഷം രൂപയുടെ സ്റ്റീൽ കാസ്റ്റിംഗ് ലൈനിന്റെ ജോലി ബാക്കി നിൽക്കുന്നതായും അതിനാവശ്യമായ ഫണ്ട് ഉള്ളതായും അദ്ദേഹം അറിയിച്ചു. ഇ.ഒ.റ്റി. ക്രയിനിന്റെ നവീകരണം പൂർത്തിയായിട്ടുള്ളതായും പണം തിരിച്ചടയ്ക്കേണ്ടതില്ലെന്നും ആട്ടോകാസ്റ്റ് മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി.

(6) 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3072/സബ്.സി.ബി2/2012/നി.സെ.)

ഖണ്ഡിക 80, 81, 82 എന്നിവയിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(7) പൊതുമേഖലാ സ്ഥാപനങ്ങളുടെ റീ സ്ട്രക്ചറിംഗ് സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 3629/സബ്.സി.ബി2/2014/നി.സെ.)

7, 9, 10 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിച്ചു.

ബഡ്ജറ്റിൽ ടെക്സ്റ്റയിൽ മേഖലയ്ക്ക് അനുവദിച്ച 60 കോടി രൂപയുടെ പാക്കേജിൽ 27.60 കോടി രൂപ 30-3-2013-ന് റിലീസ് ചെയ്തതായും ബാക്കിയുള്ള 32.40 കോടി രൂപ പ്രവർത്തനമൂലധനമായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയതായും സമിതി മനസ്സിലാക്കി. ഇത് സ്പിന്നിംഗ് മേഖലയുടെ നവീകരണത്തിനുള്ള പാക്കേജ് ആകയാൽ വകുപ്പ് സമർപ്പിച്ച മറുപടിയിലെ "കൈത്തറി മേഖലയ്ക്ക്" എന്നത് "ടെക്സ്റ്റയിൽ മേഖലയ്ക്ക്" എന്ന് തിരുത്തൽ വരുത്തി സമിതി അംഗീകരിച്ചു.

കൈത്തറി മേഖലയെ സംബന്ധിച്ച പാക്കേജിന് രണ്ട് ഘട്ടമായി കേന്ദ്ര സർക്കാർ നൽകിവരുന്ന സഹായത്തിന്റെ വിശദാംശങ്ങൾ സമിതി ചർച്ച ചെയ്തു. ആദ്യ ഘട്ടത്തിൽ 124 സംഘങ്ങൾക്കായി അനുവദിച്ച 27.93 കോടി രൂപ പൂർണ്ണമായും റിലീസ് ചെയ്തതായും രണ്ടാം ഘട്ടത്തിൽ അംഗീകരിച്ച 180.74 കോടി രൂപയിൽ സംസ്ഥാന വിഹിതം ഒഴിച്ചുള്ള തുക നബാർഡിന് റിലീസ് ചെയ്ത് ഉത്തരവ് ഇറങ്ങിയിട്ടുള്ളതായും സമിതി മനസ്സിലാക്കി.

തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെടെയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നബാർഡ് നൽകിയ തുക തിരിച്ചടയ്ക്കാത്തതിനാൽ അതിന്മേലുള്ള പലിശയും പിഴപ്പലിശയും വർദ്ധിച്ച് സംഘങ്ങൾ പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം സമിതി ചൂണ്ടിക്കാട്ടി. ഇത്തരം അവസ്ഥയിലാണ് സംസ്ഥാനത്തൊട്ടാകെയുള്ള 18000 സഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് കേന്ദ്ര സർക്കാർ മൂവായിരം കോടി രൂപയുടെ പദ്ധതി കൊണ്ടുവന്നതെന്നും സമിതി നിരീക്ഷിച്ചു.

കേന്ദ്ര സർക്കാർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന വായ്പാപദ്ധതി പ്രകാരം 31-3-2010 മുതലുള്ള വായ്പയുടെവരുന്ന പലിശയും പിഴപ്പലിശയും കണക്കാക്കി, 25% തുക കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നതും ബാക്കി 75% തുക ബാങ്ക് തന്നെ കണ്ടെത്തി നൽകണമെന്നുമാണ്. ഓരോ പ്രാഥമിക സഹകരണ സംഘങ്ങളുടെയും പ്രവർത്തന മൂലധനം പൂജ്യമായി കണക്കാക്കി നബാർഡ് 6 ശതമാനം പലിശ നിരക്കിൽ നൽകുന്ന തുകയുടെ ബാക്കി കുറഞ്ഞ പലിശ നിരക്കിൽ കേന്ദ്ര സർക്കാർ നൽകുകയാണ് ചെയ്യുന്നത്. എന്നാൽ ജില്ലാ സഹകരണ ബാങ്ക്, ബാങ്ക് വായ്പയും സംഘങ്ങൾക്ക് പ്രവർത്തനത്തിനുള്ള തുകയും വായ്പയായി നൽകുകയും, സൊസൈറ്റികൾക്ക് അസംസ്കൃത പദാർത്ഥങ്ങളും മറ്റും വാങ്ങുന്നതിന് അനുവദിക്കുന്ന വായ്പയ്ക്ക് കടപ്പത്രവും വാങ്ങി, സംഘങ്ങളുടെ പേരിൽ വലിയ ബാധ്യത വരുന്നതിനാൽ കേന്ദ്ര സർക്കാരിന്റെ പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയാതെവരുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നതായി സമിതി അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ സർക്കാർ നാളിതുവരെ പരിഹാരം കണ്ടിട്ടില്ലാത്തതിനാൽ, പ്രശ്നം പരിശോധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഈ വർഷം സഹകരണ സംഘങ്ങൾക്ക് അനുവദിച്ച മൊത്തം തുകയിൽ ആദ്യഘട്ടമായി 180 കോടി രൂപ ലഭിച്ചതായും ഹാന്റക്സിന് മുഴുവൻ തുകയും ലഭിച്ചെങ്കിലും മറ്റ് പ്രാഥമിക സംഘങ്ങൾക്ക് കുറച്ച് തുക കൂടി ലഭിക്കാനുള്ളതായും സമിതി മനസ്സിലാക്കി.

കേന്ദ്ര സർക്കാരിന്റെ പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്ന 75 ശതമാനം തുക യഥാസമയം ഉപയോഗപ്പെടുത്തി, പദ്ധതി പുതുക്കാത്തതിൽ സമിതി ആശങ്ക രേഖപ്പെടുത്തി. പ്രസ്തുത പദ്ധതി പ്രകാരം ആദ്യമായി തുക കൈപ്പറ്റിയത്

കേരളമാണെന്നിരിക്കെ, പദ്ധതിയുടെ ഗുണം സഹകരണ സംഘങ്ങൾക്ക് ലഭിക്കാതെ, ബാങ്കുകൾക്ക് മാത്രം ഗുണം ലഭിക്കുന്ന സാഹചര്യം പരിശോധിക്കാൻ സമിതി നിർദ്ദേശിച്ചു. ഈ വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ അടുത്ത യോഗത്തിൽ ചർച്ച ചെയ്യാമെന്ന് സമിതി തീരുമാനിച്ചു.

സമിതി വൈകുന്നേരം 4.15-ന് യോഗം പിരിഞ്ഞു.

## 10-2-2015-ലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV, 2015 ഫെബ്രുവരി മാസം 10-ാം തീയതി, ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

1. ശ്രീ. എളമരം കരീം, എം.എൽ.എ.

2. ശ്രീ. വി. ശശി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. എസ്. തുളസീധരൻ, അഡീഷണൽ സെക്രട്ടറി

2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. എബി പോൾ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്

2. ശ്രീ. പി. സി. കാസിം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്

3. ശ്രീ. സാംസി ഇട്ടിച്ചെറിയ, ഡയറക്ടർ, ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽസ്.

സമിതി കൈത്തറി മേഖലയുടെ പുനരുദ്ധാരണ പുനരാവിഷ്കരണ പാക്കേജ് (റിവൈവൽ, റിഫോം, റീ സ്ട്രക്ച്ചറിംഗ് പാക്കേജ് ഓഫ് ഹാന്റ്ലൂം സൊസൈറ്റീസ്) എന്ന വിഷയം പരിഗണിക്കുകയും ഇത് സംബന്ധിച്ച് വകുപ്പിൽ നിന്നും ലഭിച്ച കുറിപ്പിനെ ആധാരമാക്കി വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തു.

കൈത്തറി മേഖലയുടെ പുനരുദ്ധാരണ പാക്കേജ് പ്രകാരം ഒരു സൊസൈറ്റിക്കും 31-3-2010-നുശേഷം ബാധ്യതകളൊന്നും തന്നെ പാടില്ല എന്ന വ്യവസ്ഥ ഉണ്ടെങ്കിലും മിക്ക സൊസൈറ്റികൾക്കും, പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിലുള്ളവയ്ക്ക് വൻബാധ്യതകൾ ഉള്ളതായി സമിതി മനസ്സിലാക്കി. പാക്കേജ് അനുസരിച്ച് കൈത്തറി സംഘങ്ങൾക്ക് 31-3-2010 വരെയുള്ള മുതലും 25 ശതമാനം പലിശയുമാണ് സർക്കാർ കൊടുക്കേണ്ടതെന്നും ബാക്കി 75 ശതമാനം പലിശയും പിഴപ്പലിശയും ബാങ്ക് വഹിക്കേണ്ടതാണെന്നും, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവൃത്തിരഹിത ആസ്തിയിന്മേൽ പലിശ ഈടാക്കാൻ പാടില്ല എന്നതിനാൽ പ്രവൃത്തിരഹിത ആസ്തി ആയ തീയതിവരെയുള്ള പലിശയാണ് എടുക്കുന്നതെന്നും വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. സംഘങ്ങളെ കൊണ്ട് ഉടമ്പടി ചെയ്യിച്ച് പലിശ ഈടാക്കുന്നതായി പരാതികളുള്ളതായും അദ്ദേഹം സമിതിയെ അറിയിച്ചു. പാക്കേജ് പ്രകാരം ആദ്യഘട്ടത്തിൽ തുക അനുവദിച്ചു കിട്ടിയ 124 സംഘങ്ങളിൽ തിരുവനന്തപുരം ജില്ലയിലുള്ള 100 സംഘങ്ങളിൽ ഒന്നിൽ നിന്നും നാളിതുവരെ പരാതിയൊന്നും ലഭിച്ചിട്ടില്ലെന്നും രണ്ടാം ഘട്ടത്തിൽ തുക അനുവദിച്ചു കിട്ടിയ കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ജില്ലകളിലെ സംഘങ്ങൾ കേരള ഹാന്റ്ലൂം ആന്റ് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അസോസിയേഷന് സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്ന പ്രകാരം ജില്ലാ സഹകരണ ബാങ്ക് ബാക്കി തുക സംഘങ്ങളുടെ പേരിലുള്ള അക്കൗണ്ടിൽ വരവുവച്ച് സഹകരണനിയമവ്യവസ്ഥകൾക്ക് വിധേയമായി പാക്കേജ് തുക ജില്ലാ സഹകരണ ബാങ്ക് വഴി വിതരണം ചെയ്യുന്നതിന് താല്പര്യപ്പെട്ടിരുന്നതായും അദ്ദേഹം സമിതിയെ അറിയിച്ചു.

31-3-2010-നുശേഷം കൈത്തറി സംഘങ്ങൾ കടബാധ്യതകളിൽ നിന്നും മുക്തരായിരിക്കണമെന്നും തുക മുഴുവനായി ബാങ്കിന് നൽകാതെ സംഘങ്ങൾക്ക് അർഹതപ്പെട്ട സഞ്ചിതനിധി അവർക്കുതന്നെ നൽകണമെന്നും സമിതി നിർദ്ദേശിച്ചു. ബാങ്കുകൾക്കും സംഘങ്ങൾക്കും നൽകേണ്ട തുക വേർതിരിച്ചു തന്നെയാണ് ബാങ്കുകൾക്ക് നൽകുന്നതെന്നും അംഗങ്ങൾക്കുള്ള തുക സംഘങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ടെന്നതിനാൽ ബാങ്കുകൾക്കും സംഘങ്ങൾക്കുമുള്ള വിഹിതങ്ങൾ പ്രത്യേകം പ്രത്യേകം അവർക്ക് നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതായും വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. പ്രവൃത്തിരഹിത ആസ്തിയിൽ നിന്നും എടുക്കുന്ന വായ്പയ്ക്ക് രണ്ടാംഘട്ടത്തിൽ പലിശ ഈടാക്കില്ലെന്ന് ബാങ്ക് കത്ത് മുഖേന അറിയിച്ചിട്ടുള്ളതായും അദ്ദേഹം പറഞ്ഞു.

പ്രവൃത്തിരഹിത ആസ്തിയിന്മേൽ പലിശ ഈടാക്കുന്നത് തടയുന്നതിനും മുൻഷുറായി നൽകുന്ന വേതനത്തുക ബന്ധപ്പെട്ട സംഘങ്ങൾക്ക് തന്നെ നൽകുന്നതിനുമുള്ള നടപടികൾ പരിശോധിക്കാൻ സമിതി തീരുമാനിച്ചു.

വ്യവസായം, വിവരസാങ്കേതികവിദ്യ എന്നീ വകുപ്പുകളിൽ നിന്നും ഇനിയും മറുപടി ലഭിക്കാനുള്ള താഴെ ചേർത്തിരിക്കുന്ന ഫയലുകൾ സംബന്ധിച്ച പട്ടിക സമിതി പരിശോധിക്കുകയും ആയവയിന്മേൽ മറുപടി ലഭ്യമാക്കാനുള്ള കാലവിളംബത്തിന് വിശദീകരണം നൽകുന്നതിന് വകുപ്പുകളോട് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു

1. കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങളുടെ പുതുക്കിയ കരട്

(ഫയൽ നമ്പർ 10837/സബ്.സി.ബി2/2000/നി.സെ.)

2. 2006-2007-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 26, 27, 28 ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരം

(ഫയൽ നമ്പർ 12345/സബ്.സി.ബി2/2006/നി.സെ.)

3. 2010-2011-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിൽ ഇനി ലഭിക്കാനുള്ളവ

(ഫയൽ നമ്പർ 16657/സബ്.സി.ബി2/2010/നി.സെ.)

4. 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ഖണ്ഡിക 71-ലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും കാലതാമസ പത്രികയും

(ഫയൽ നമ്പർ 4873/സബ്.സി.ബി2/2014/നി.സെ.)

5. ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്—സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചട്ടങ്ങൾ—സമിതി അംഗീകരിച്ച ചട്ടങ്ങളും എസ്.ആർ.ഒ.യും തമ്മിൽ വ്യത്യാസങ്ങൾ കണ്ടതിനുള്ള വിശദീകരണം

(ഫയൽ നമ്പർ 2071/സബ്.സി.ബി2/2012/നി.സെ.)

6. 2011-2012-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ—ഇനി ലഭിക്കാനുള്ളവ എല്ലാം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 2575/സബ്.സി.ബി2/2012/നി.സെ.)

7. 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 26, 27, 33, 34, 60, 61, 62, 74, 75, 76, 77 എന്നിവയിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും കാലതാമസപത്രികയും

(ഫയൽ നമ്പർ 3072/സബ്.സി.ബി2/2012/നി.സെ.)

8. 2012-2013-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ (ഇനി ലഭിക്കാനുള്ളവ—എല്ലാം ലഭ്യമാക്കിയെങ്കിൽ ആയത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്)

(ഫയൽ നമ്പർ 38/സബ്.സി.ബി2/2013/നി.സെ.)

9. 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 19, 20, 23, 25, 30, 39, 40, 44, 45, 51, 52, 53, 54, 55, 56, 57, 68 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടും കാലതാമസപത്രികയും

(ഫയൽ നമ്പർ 2798/സബ്.സി.ബി2/2013/നി.സെ.)

10. 4-9-2013-ലെ യോഗത്തിൽ ലൈഫ് സയൻസ് പാർക്കുമായി ബന്ധപ്പെട്ട സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി

(ഫയൽ നമ്പർ 3433/സബ്.സി.ബി2/2014/നി.സെ.)

11. 2013-2014-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ (ഇനി ലഭ്യമാക്കാനുള്ളവ—എല്ലാം ലഭ്യമാക്കിയെങ്കിൽ ആയത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്)

(ഫയൽ നമ്പർ 5177/സബ്.സി.ബി2/2013/നി.സെ.)

12. 2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്—ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെന്റുകൾ

(ഫയൽ നമ്പർ 3166/സബ്.സി.ബി2/2014/നി.സെ.)

13. പൊതുമേഖലാ സ്ഥാപനങ്ങളുടെ റീസ്ട്രക്ച്ചറിംഗ് സംബന്ധിച്ച റിപ്പോർട്ടിലെ 1, 2, 3, 4, 5, 6, 8 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി.

(ഫയൽ നമ്പർ 3629/സബ്.സി.ബി2/2014/നി.സെ.)

സമിതി വൈകുന്നേരം 4 മണിക്ക് യോഗം പിരിഞ്ഞു.